

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മട്ടന്നൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2023–2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ–മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497–2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ബി.3/112/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/02/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മട്ടന്നൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : മട്ടന്നൂർ മുനിസിഫ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിഫോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(എയിംസ്)

2.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം(ഇ മെയിൽ)
3.ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി, കണ്ണൂർ (ഇ മെയിൽ)

4.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ബി.3/112/2025 തീയ്യതി: 17/02/2025

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 05-01-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 66 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 64 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-01-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രമ രാജൻ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	06-01-2025	23-01-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-01-2025	23-01-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. വിനീത് കുമാർ. കെ.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജിമ. എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഖില. എ.എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എൻ. ഷാജിത്ത്	ചെയർമാൻ	01-04-2023	31-03-2024
ശ്രീ. എസ്. വിനോദ് കുമാർ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പ്രണാം. കെ.ടി	മുനിസിപ്പൽ എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി. കൃഷ്ണ. പി	കൃഷി ഓഫീസർ	01-04-2023	24-04-2023
ശ്രീ. ഹനേഷ് മുഹമ്മദ്	കൃഷി ഓഫീസർ	25-04-2023	19-05-2023
ശ്രീമതി. ശീതൾ. വി.എസ്	കൃഷി ഓഫീസർ	20-05-2023	06-06-2023
ശ്രീമതി. സുഗിന. പി	കൃഷി ഓഫീസർ	07-06-2023	30-11-2023
ശ്രീമതി. ഡാലി ജോർജ്	കൃഷി ഓഫീസർ	01-12-2023	14-03-2024
ശ്രീ. റാംമോഹൻ	കൃഷി ഓഫീസർ	15-03-2024	26-03-2024
ശ്രീമതി. അനുശ്രീ	കൃഷി ഓഫീസർ	27-03-2024	31-03-2024
ഡോ. സുഷമ. കെ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2023	31-03-2024
ഡോ. വിദ്യോത്കുമാർ. പി.വി	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2023	31-03-2024
ഡോ. ദീപ. പി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024
ഡോ. മഗേഷ്. എസ്	സീനിയർ വെറ്റിനറി സർജ്ജൻ	01-04-2023	30-04-2023
ഡോ. ജി. രാമ അറുമുഖം	സീനിയർ വെറ്റിനറി സർജ്ജൻ	01-05-2023	31-05-2023
ഡോ. മഗേഷ്. എസ്	സീനിയർ വെറ്റിനറി സർജ്ജൻ	01-06-2023	16-07-2023
ഡോ. സെയ്ദ് അബൂബക്കർ സിദ്ദിഖ്	സീനിയർ വെറ്റിനറി സർജ്ജൻ	17-07-2023	31-03-2024
ശ്രീ. ശ്രീജിത്ത് കുമാർ. എം	ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്	01-04-2023	01-06-2023
ശ്രീ. മുരളീധരൻ. സി	ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്	02-06-2023	31-03-2024
ശ്രീമതി. ഷൈലജ. എ	ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്	01-04-2023	31-03-2024
ശ്രീമതി. ശ്രീലത. പി.പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	30-06-2023
ശ്രീമതി. ദീപ തോമസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-07-2023	31-03-2024
ശ്രീ. റഫീഖ് ചിറമ്മൽ	ക്ലീൻ സിറ്റി മാനേജർ	01-04-2023	12-07-2023
ശ്രീ. കുഞ്ഞിരാമൻ. കെ.കെ	ക്ലീൻ സിറ്റി മാനേജർ	13-07-2023	31-03-2024
ശ്രീ. കെ.പി. രമേഷ് ബാബു	പ്രൊജക്ട് ഓഫീസർ,നഗരദാരിദ്ര്യനിർമാർജന സെൽ	01-04-2023	31-03-2024
ശ്രീ. രജീഷ്. ടി.കെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	സാംഖ്യ കെ സ്മാർട്ട് എന്നീ സോഫ്റ്റ് വെയറുകളിലെ വിവരങ്ങൾ സംയോജിപ്പിച്ച് തയ്യാറാക്കിയ വാർഷിക കണക്കിലെ വിവരങ്ങളുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-1-1
3	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-2
4	നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല	1-1-3
5	അക്കൗണ്ട്സ് ചട്ടങ്ങൾ പാലിച്ചിട്ടില്ല.	1-1-4
6	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-5
7	വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല	1-1-6
8	വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	1-1-7
9	വായ്പ ഇനത്തിൽ വാർഷികകണക്കിൽ കാണിച്ചിരിക്കുന്ന തുക വായ്പ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	വികസന ഫണ്ട് ജനറൽ, മെയിന്റ്നൻസ് ഗ്രാന്റ് റോഡിതരം - വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-9
11	കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല	1-1-10
12	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-11
13	റീഫണ്ട് പേയബിൾ -ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 2778941രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.	1-1-12
14	B-9 ഷെഡ്യൂളിലെ സ്റ്റെയിൽ ചെക്കിന്റെ (₹571207) ന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.	1-1-13
15	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-14
16	ഗ്രണഭോക്തൃവിഹിതം-വാർഷികകണക്കിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല	1-1-15
17	ഡിപ്രീസിയേഷന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന I-17(a) ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-16
18	ബജറ്റ്	1-2
19	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
20	ഫണ്ട് വിനിയോഗം	1-4
21	പദ്ധതി അവലോകനം	1-5
22	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	1-6
23	ക്ഷേമ പദ്ധതികൾ	1-7
24	ക്യാഷ് പരിശോധന	1-8
25	ആഭ്യന്തരനിയന്ത്രണം	1-9
26	വാർഡ്സഭ	1-10
27	വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്	1-11
28	2023-24 വർഷത്തിൽ പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും പുതുക്കിയ നികുതി നിരക്ക് ഈടാക്കിയിട്ടില്ല	1-12
29	അനധികൃത നിർമ്മാണങ്ങൾ -വസ്തു നികുതി ഈടാക്കുന്നില്ല	1-13
30	അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നില്ല	1-14

31	മൊബൈൽ ടെലഫോൺ ടവർ– നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല.	1-15
32	തൊഴിൽ നികുതി - പിരിച്ചെടുക്കുന്നതിലെ അപാകങ്ങൾ	1-16
33	വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല	1-17
34	കല്ലൂർ വ്യവസായ എസ്റ്റേറ്റിൽ പ്ലോട്ടുകൾ അനുവദിച്ച വ്യവസായ സംരംഭകരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല	1-18
35	മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളുടെ വാടക കുടിശ്ശികയും ഡെപ്പോസിറ്റ് തുകയും മുഴുവനായും പിരിച്ചെടുത്തിട്ടില്ല	1-19
36	അപ്രന്റിസ് ടെയിനികളായി നിയമിച്ചവരുടെ സ്റ്റൈപന്റ്- കേന്ദ്ര സർക്കാർ വിഹിതം ലഭ്യമായിട്ടില്ല	1-20
37	ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-21
38	വയോമിത്രം പദ്ധതി- രേഖകൾ ലഭ്യമല്ല ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-22
39	എ.ബി.സി. പ്രോഗ്രാം - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - ₹75000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-23
40	അർബൻ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങൾക്ക് ടെലി മെഡിസിൻ പദ്ധതി - ലക്ഷ്യം പൂർത്തീകരിച്ചില്ല - ₹ 222648 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-24
41	നഗരസഭ വികസനങ്ങളും സേവനങ്ങളും വിശദീകരണ കലണ്ടർ തയ്യാറാക്കൽ - 361000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-25
42	മാലിന്യ ശേഖരണത്തിന് ഇലക്ട്രിക്ക് മുച്ചക്ര വാഹനം വാങ്ങൽ അപാകങ്ങൾ	1-26
43	മിനി എം സി എഫിൽ വെർട്ടിക്കൽ ഗാർഡൻ സ്ഥാപിക്കലും പരിപാലനവും - ₹455000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-27
44	റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ അപാകങ്ങൾ - ₹2631210 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-28
45	പെൻഷൻ വിഹിതം കുറവ് ചെയ്യാതെ ശമ്പള പരിഷ്കരണ തുക അനുവദിച്ചു	1-29
46	ജിയോഗ്രഫിക്ക് ഇൻഫർമേഷൻ സിസ്റ്റം വിവരശേഖരണം - പദ്ധതി പൂർത്തീകരിച്ചില്ല	1-30
47	പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ - രേഖകൾ ഹാജരാക്കിയില്ല - ₹4,65,428 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-31
48	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ– രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹47,475-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു	1-32
49	അർബ്ബൻ ഡയാലിസിസ് സെന്ററിന് മരുന്ന് വാങ്ങൽ–മരുന്നുകൾ ലഭ്യമായിട്ടില്ല- ₹178388 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-33
50	സി സി ടി വി സ്ഥാപിക്കുന്ന പൊതുയിടങ്ങളിൽ വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കൽ– അപാകതകൾ	1-34
51	ഫെസിലിറ്റേഷൻ സെന്ററിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ, ഫർണിച്ചർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് സ്ഥാപനത്തിന് ഉപയോഗപ്പെടുത്തിയിട്ടില്ല	1-35
52	IEC പ്രവർത്തനങ്ങൾ അപാകങ്ങൾ - ₹509664 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-36
53	തുടർ സാക്ഷരത പദ്ധതി രേഖകൾ ലഭ്യമല്ല	1-37
54	10-ാം തരം തുല്യത - രേഖകൾ ലഭ്യമല്ല	1-38
55	ആംബുലൻസ് നടത്തിപ്പ്-തുടർ നടപടികൾ അറിയിക്കേണ്ടതാണ്	1-39
56	സെക്രട്ടറിയുടെ ശമ്പള ഇനത്തിലുള്ള തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നില്ല	1-40
57	ആസ്തി പരിപാലനം-കാര്യക്ഷമമാക്കേണ്ടതാണ്.	1-41
58	പൊതുമരാമത്ത് പ്രവൃത്തികൾ - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.	1-42
59	പെൻഷൻ ഫണ്ട്- അവലോകനം	1-43
60	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -മാലിന്യസംസ്കരണം ഹരിതകർമ്മ സേനയിലൂടെ -അവലോകനം	1-44
ഭാഗം **2**		

--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	RECEIPT & PAYMENT STATEMENT	
4	INCOME & EXPENDITURE STATEMENT	
5	BALANCE SHEET	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2024 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31-7-2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 3-09-2024 തിയ്യതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തീക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
17.02.2025.

1–1–1 സാംഖ്യ കെ സ്മാർട്ട് എന്നീ സോഫ്റ്റ് വെയറുകളിലെ വിവരങ്ങൾ സംയോജിപ്പിച്ച് തയ്യാറാക്കിയ വാർഷിക കണക്കിലെ വിവരങ്ങളുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

നഗരസഭയിൽ 01.01.2024 മുതലാണ് കെ സ്മാർട്ട് സോഫ്റ്റ് വെയർ നിലവിൽ വന്നത്. 31.12.2023 വരെ സാംഖ്യ സോഫ്റ്റ് വെയറാണ് അക്കൗണ്ടിംഗിനായി ഉപയോഗിച്ചിട്ടുള്ളത്. സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ വാർഷിക ധനകാര്യപത്രികയിൽ രണ്ട് സോഫ്റ്റ് വെയറിലെയും വിവരങ്ങൾ സംയോജിപ്പിച്ച് ഡാറ്റകൾ ഉൾപ്പെടുത്തി തയ്യാറാക്കിയതിന്റെ മാനദണ്ഡങ്ങളും ആയതിന് അവലംബിച്ചിട്ടുള്ള സാങ്കേതിക രീതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ കെ സ്മാർട്ട് സോഫ്റ്റ് വെയറിൽ 01.01.2024 മുതൽ 31.03.2024 വരെയുള്ള മുഴുവൻ വിവരങ്ങളും /ഡാറ്റകളും ഓഡിറ്റിനായി സമർപ്പിച്ചുള്ള വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന്

പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-3 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല

2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.2(e) പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-4 അക്കൗണ്ട്സ് ചട്ടങ്ങൾ പാലിച്ചിട്ടില്ല.

I) 2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.4 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.
Ii) 2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.3 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.3 പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-6 വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

1)തൊഴിൽ നികുതി, വാടക ഉൾപ്പെടെ എല്ലാ നികുതി-നികുതിയേതര വരവിനങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി പത്രിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ചേർത്ത ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2) കടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിലെ വരവിനങ്ങളിലെ കടിശ്ശിക സംബന്ധിച്ച കൃത്യത പരിശോധിക്കാൻസാധിച്ചിട്ടില്ല.
3) വസ്തുനികുതി വരവിന്റെ കൃത്യത പരിശോധിക്കാൻ ബന്ധപ്പെട്ട ഡി സി ബി പത്രിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-7 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
2. സ്ഥിര നിക്ഷേപ രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്ക് പ്രകാരമുള്ള സ്ഥിരനിക്ഷേപങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3.അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇനം തിരിച്ചുള്ള വിവരങ്ങളും സംക്ഷിപ്തവും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ 2023-24 സാമ്പത്തിക വർഷത്തെ B-18 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. നഗരസഭയ്ക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെ (ആർ പി -24, ബി -4 ഷെഡ്യൂളുകൾ) വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-1-8 വായ്പ ഇനത്തിൽ വാർഷികകണക്കിൽ കാണിച്ചിരിക്കുന്ന തുക വായ്പ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം 31-03-2023 തീയതിയിലെ വായ്പ ബാധ്യത തുക ₹32459361 ആണ്. വായ്പ രജിസ്റ്ററിൽ KURDFC -മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ലോൺ - 31-03-23 ലെ വായ്പാ ബാധ്യതയായി 1226154 യും ലൈഫ് മിഷൻ വായ്പ ഇനത്തിൽ ബാധ്യതയായി 32479997 രൂപയും ഉൾപ്പെടെ ആകെ 33706151 തിരിച്ചടക്കാൻ

അവശേഷിക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാർഷിക ധനകാര്യപത്രികയും ലോൺരജിസ്റ്ററും തമ്മിൽ മുന്നിരിപ്പിൽ ₹ 12,46,790 വ്യത്യാസം ഉണ്ട്. ആയത് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള വായ്പയിൽ KURDFC-മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ലോൺ ഇനത്തിലെ 1226154 രൂപ (RP-25) ൽ തിരിച്ചടച്ചതായി കാണിച്ചിട്ടുണ്ട്. പലിശ ഇനത്തിൽ 33626രൂപ (RP-13) അടവാക്കിയിട്ടുണ്ട്. രജിസ്റ്റർ പ്രകാരം പ്രസ്തുത വായ്പ ക്ലോസ് ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ വായ്പ ഇനത്തിൽ രജിസ്റ്ററിൽ ബാധ്യതയായി കാണിച്ച 32479997 യിൽ ജി ഒ പ്രൊജക്ട് പ്രകാരം 2946667രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ 1986667രൂപ കുറവ് ചെയ്തതായി കാണിച്ച് 30493330 ആണ് 31-3-2024ലെ ക്ലോസിംഗ് ബാലൻസ് രേഖപ്പെടുത്തിയിട്ടുള്ളത്. ജി ഒ പ്രൊജക്ട് പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 960000x3=2880000 കുറവ് ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ 1920000 രൂപ കുറവ് ചെയ്തതായി കാണിച്ചാണ് കണക്ക് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ വാർഷിക ധനകാര്യപത്രികയിൽ വായ്പ ബാധ്യത കാണിച്ചത് കൃത്യമല്ല. വായ്പ ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും വായ്പ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും കൃത്യമല്ല.

1-1-9 വികസന ഫണ്ട് ജനറൽ, മെയിന്റ്നൻസ് ഗ്രാന്റ് റോഡിതരം - വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് ജനറൽ ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 36651127രൂപയും സുലേഖ പ്രകാരമുള്ള ചെലവ് 36611127രൂപയുമാണ് ആയത് പൊരുത്തപ്പെടുന്നില്ല. മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം സുലേഖ പ്രകാരമുള്ള ചെലവ് 7357426രൂപയും വാർഷിക ധനകാര്യപത്രികയിൽ 7111324രൂപയുമാണ് ചെലവ് കാണിച്ചിട്ടുള്ളത്.

1-1-10 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-3 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ എം.പി ഫണ്ട്, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീ ഗ്രാന്റുകളിലെ കാപ്പിറ്റൽ ചെലവ് മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. നഗര സഞ്ചയഗ്രാന്റുൾപ്പെടെയുള്ള മറ്റ് ഗ്രാന്റുകളിലെ കാപ്പിറ്റൽ ചെലവുകൾ ബി-3-യിൽ ഉൾപ്പെട്ടിട്ടില്ല.

1-1-11 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. AUEGS വാർഷിക കണക്ക് പ്രകാരമുള്ള വരവ് 12541013 രൂപയും ക്യാഷ് ബുക്ക് പ്രകാരം 20754587 രൂപയും AFS-ലെ ചെലവ് 12674134 രൂപയും, ക്യാഷ് ബുക്ക് പ്രകാരം 20717926 രൂപയും ആണ്.

1-1-12 റീഫണ്ട് പേയബിൾ -ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 2778941രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

റീഫണ്ട് പേയബിൾ -ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ 2778941 രൂപ യുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1-1-13 B-9 ഷെഡ്യൂളിലെ സ്റ്റെയിൽ ചെക്കിന്റെ (₹571207) ന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

B-9 ഷെഡ്യൂളിലെ സ്റ്റെയിൽ ചെക്കിന്റെ (₹571207) വിശദവിവരം ലഭ്യമാക്കിയിട്ടില്ല. ആയതിൽ 418292 രൂപയുടെ ചെക്കുകൾ 2019-20 മുതൽ ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ച് മൂന്ന വർഷ കാലാവധി കഴിഞ്ഞ ചെക്കുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

1-1-14 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ഗ്രാന്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 26207218 രൂപയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 25864802 രൂപയുമാണ്. ആയത് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-15 ഉണഭോക്തൃവിഹിതം-വാർഷികകണക്കിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല

ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 2022-23 വർഷം 4639638 നീക്കിയിരിപ്പുണ്ട്. തൻ വർഷം വരവായി 498070 രൂപ (RP-24) രേഖപ്പെടുത്തിയിട്ടുണ്ട്. ജേണൽ വൗച്ചർ പ്രകാരം 5115433 രൂപ ബാധ്യതയിൽ കുറവ് വരുത്തിയിട്ടുണ്ട്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 241400 (പ്രോജക്ട് നമ്പർ 212/24 – 191400 + പ്രോജക്ട് നമ്പർ 67/24 –

50000) രൂപയാണ് ഗ്രണഭോക്തൃ വിഹിതമിനത്തിൽ തൻ വർഷം ചെലവഴിച്ചിട്ടുള്ളത്. തൻ വർഷം ബി-4 ഷെഡ്യൂളിൽ ബാലൻസായി കാണിച്ചിട്ടുള്ളത് 22275 രൂപയാണ്. 4874033 (5115433-241400) രൂപ ബാധ്യതയിൽ നിന്ന് കുറവ് വരുത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1-1-16 ഡിപ്രീസിയേഷന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന I-17(a) ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തുന്ന I-17(a) ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 21-03-2023 തീയതിയിലെ 1/2023 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 02-03-2024 ലെ 1/2024 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	4592224	43446311
വരവ്	418037350	606859426
ആകെ	422629574	650305737
ചെലവ്	390784050	613865777
നീക്കിയിരിപ്പ്	31845524	36439960

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	89955038.51
വരവ്	322453288
ആകെ	412408326.51
ചെലവ്	323452404
നീക്കിയിരിപ്പ്	88955922.51
വരവിനങ്ങളിലെ നഷ്ടം	0
ചെലവിനങ്ങളിലെ നഷ്ടം	0
തടസ്സപ്പെടുത്തിയ തുക	6445813

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇനങ്ങൾ റസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ്	അലോട്ട്മെന്റ് ലഭിച്ചത്	ആകെ	ചെലവ്	ലാപ്സ്/ നീക്കിയിരിപ്പ്
വികസനഫണ്ട് ജനറൽ		0	42745230	42745230	36611127	6134103
വികസനഫണ്ട് എസ്.സി.പി		0	2609934	2609934	1978587	631347
വികസനഫണ്ട് ടി.സി.പി		0	286889	286889	154056	132833
മെയിന്റനൻസ് ഗ്രാന്റ് റോഡ്		0	23026000	23026000	15131335	7894665
മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്		0	7972600	7972600	7357426	615174
സെൻട്രൽഫിനാൻസ് കമ്മീഷൻ-ടൈഡ്-**ബാങ്ക്**		2255974	23708700	25964674	9490015	16474659
സെൻട്രൽഫിനാൻസ് കമ്മീഷൻ-&ബേസിക്-		13080231	16514067	29594298	19861739	9732559
സാക്ഷരത		13,162	360	13522	0	13522
ഹെൽത്ത് ഗ്രാന്റ് -വെൽനസ്സ് ഗ്രാന്റ്		13471226	3625333	17096559	8517297	8579262
ഹെൽത്ത് ഗ്രാന്റ് -ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ		0	3364634	3364634	2703925	660709
ആയുഷ് ഫണ്ട്		4,50,000	0	4,50,000	0	4,50,000
അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-	ബാങ്ക്	6,465	4529587	4536052	4492926	43126

കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകളുടെ (എൻ.യു.എൽ.എം, ഐ.എച്ച്.എസ്. ഡി.പി.1, ഐ.എച്ച്.എസ്.ഡി.പി.2, പി.എം.എ.വൈ, ശ്രുചിത്വ മിഷൻ 1, ശ്രുചിത്വ മിഷൻ. 2, ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം, നഗര സഞ്ചയ ഗ്രാന്റ് വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ, 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ ഗ്രാന്റുകളുടെ വിനിയോഗ വിവരങ്ങൾ മേൽ പട്ടികയിൽ ചേർത്തിട്ടില്ല. ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
387	301725304	195	140472920	63	192	132	34.11

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	1	1	60000	45000	75
മെഡിക്കൽ ഓഫീസർ, ആയുർവേദം	2	1	1250000	1200000	96
മെഡിക്കൽ ഓഫീസർ, ഹോമിയോ	2	2	350000	346180	98.91
കൃഷി ഓഫീസർ	5	4	4124568	1377013	33.39
സെക്രട്ടറി	66	48	71778768	31251175	43.54
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	14	14	13313040	10567320	79.38
ഹെഡ് മാസ്റ്റർ, എൽ.പി.സ്കൂൾ	1	1	25000	25000	100
ഹെഡ് മാസ്റ്റർ, യു.പി.സ്കൂൾ	6	5	2072500	1756000	84.73
സീനിയർവെറ്റിനറി സർജ്ജൻ	5	5	2990600	2268674	75.86
പ്രോജക്ട് ഓഫീസർ, യു.പി.എ	34	17	12447439	5320864	42.75
ക്ലീൻ സിറ്റി മാനേജർ	15	10	12818384	7436038	58.01
മുനിസിപ്പൽ എഞ്ചിനീയർ	230	81	171566235	71014745	41.39
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	6	6	8928770	7864911	88.09
ആകെ	387	195	301725304	140472920	47.31

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവ്	6,465	4529587	4536052	4492926	43126
ട്രഷറി	-	16225000	16225000	16225000	-
ആകെ	6,465	20754587	20761052	20717926	43126

(ട്രഷറിയിൽ വരവ് വന്നതിന് ശേഷം മാർച്ച് 31-ന് തിരിച്ചെടുത്ത 6710000 രൂപ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല)

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെപേര്	ചെലവഴിച്ചതുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളിപെൻഷൻ	11766800	880
തൊഴിലില്ലായ്മ വേതനം	600	1

വിധവാപെൻഷൻ	26360000	2037
വാർദ്ധക്യകാലപെൻഷൻ	36594600	2914
ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	6093600	466
50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	3008000	237
വിവാഹ ധനസഹായം	60000	2

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-01-2025 തീയതിയിൽ 4.20 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 141643 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിൽ വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ജോലി വിഭജനരേഖ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. സ്റ്റാഫ് മീറ്റിങ്ങ് മിനുട്സ് പരിശോധിച്ചതിൽ ഒരു തവണ (16-01-2024 ന്) മാത്രമാണ് സ്റ്റാഫ് മീറ്റിങ്ങ് ചേർന്നിട്ടുള്ളത്. നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി, നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. വസ്തുനികുതി, തൊഴിൽ നികുതി, വാടക തുടങ്ങിയ ഇനങ്ങളിലൊക്കെ വൻ തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്, വിശദ വിവരം ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1-17 ൽ പരാമർശിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 വാർഡ്സഭ

നഗരസഭയിലെ വിവിധ വാർഡുകളിൽ 2023-24 വർഷം 3 തവണ വാർഡ്സഭ യോഗങ്ങൾ ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി അവലോകനം, 2023-24 വാർഷിക പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, 2023-24 വാർഷിക പദ്ധതി വിശദീകരണം, മാലിന്യമുക്ത നവകേരളം പദ്ധതി വിശദീകരണം, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് ടീമിന്റെ പുനസംഘടന, മാലിന്യമുക്ത നവകേരളം, വസ്തുനികുതി കുടിശിക നിവാരണം, 2024-25 വാർഷിക പദ്ധതി രൂപീകരണം, 2023-24 വാർഷിക പദ്ധതി അവലോകനം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ.ഉ.(കൈ) നം. 86/2022/തസ്വഭവ, തീയതി 19.04.2022 പ്രകാരം പുറപ്പെടുവിച്ച മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2.3(6) വാർഡ് സഭാ യോഗത്തിന്റെ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി വാർഡ്സഭാ കൺവീനർ, ഉദ്യോഗസ്ഥർ, വാർഡ് സഭയിൽ പങ്കെടുത്ത 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കേണ്ട ചുമതല വാർഡ്സഭാ കൺവീനറുടേതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഡ് സഭാ മിനുട്സുകളിൽ വാർഡ് സഭയിൽ പങ്കെടുത്ത 15 പേർ ഒപ്പുവെച്ചിട്ടില്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ) നം.77/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം വഴി ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി മുനിസിപ്പൽ തലത്തിൽ ഇതുവരെ സ്വീകരിച്ച

നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.15/10.01.25) മറുപടിയായി കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ജി ഐ എസ് മാപ്പിംഗിലൂടെ ഫീൽഡ് വെരിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും മുനിസിപ്പാലിറ്റിയുടെ വസ്തു നികുതി പരിഷ്കരണ നടപടികൾ അന്തിമ ഘട്ടത്തിലാണെന്നും അറിയിച്ചിട്ടുണ്ട്. ജി.ഐ.എസ് മാപ്പിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് 9 B ഫോറത്തിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-12 2023-24 വർഷത്തിൽ പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും പുതുക്കിയ നികുതി നിരക്ക് ഈടാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/03/2023-ലെ ജി.ഒ(എംഎസ്) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട നിലവിലുള്ള കെട്ടിടങ്ങൾക്ക് തുടർവർഷങ്ങളിൽ 5% വർദ്ധനവും 01/04/2023 മുതലുള്ള പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.26/2023/തസ്വഭവ ഉത്തരവ് പ്രകാരം വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതിയ നികുതി നിരക്കുകൾ മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിന്റെ 15-07-2023 തീയതിയിലെ 49-ാം നമ്പർ തീരുമാന പ്രകാരം ആർ1-4382/23 നമ്പറായി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപന പ്രകാരമുള്ള പുതിയ നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തി പുതിയ നിരക്കുകളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ ഫാറം 6 തയ്യാറാക്കുന്നത് വരെയുള്ള കാലയളവിൽ 2013 മുതൽ പ്രാബല്യത്തിലുള്ള പഴയ നികുതി നിരക്കിലായിരുന്നു 01/04/2023 മുതലുള്ള പുതിയ നികുതിദായകരുടെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം 01/04/2023 ന ശേഷം പഴയ നിരക്കിൽ നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും ഫാറം 6 പരിഷ്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ 01/04/2023 ന ശേഷം പഴയ നിരക്കിൽ നികുതി നിർണ്ണയം നടത്തിയ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ 34 വാർഡുകളിലെയും കെട്ടിടങ്ങളുടെ ഫാറം 6 പരിഷ്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ പഴയനിരക്കിലുള്ള വസ്തുനികുതി ഡാറ്റ തന്നെയാണ് 01-01-2024 പ്രാബല്യത്തിലുള്ള കെ സ്മാർട്ട് അപ്ലിക്കേഷനിലും നിലവിലുള്ളത്.

മട്ടന്നൂർ മുൻസിപ്പാലിറ്റിയുടെ അന്തിമ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യങ്ങൾക്കും വാണിജ്യാവശ്യത്തിനും ഉപയോഗിക്കുന്ന വിവിധ കെട്ടിട ഉപവിഭാഗങ്ങൾക്ക് നിശ്ചയിച്ച നികുതി നിരക്കും പ്രസ്തുത നിരക്ക് പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും ഈടാക്കാത്തതിന്റെ ഉദാഹരണങ്ങളും താഴെ ചേർക്കുന്നു.

എ. വിവിധ കെട്ടിട ഉപവിഭാഗങ്ങൾക്ക് നിശ്ചയിച്ച നികുതി നിരക്ക്:

ക്രമ നമ്പർ	കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഒരു ചതുരശ്ര മീറ്ററിന് നിശ്ചയിച്ച നിരക്ക് (രൂപ)
1	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ	9
2	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീറ്ററിന് മുകളിലുള്ളവ	12

3	ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീ വരെയുള്ളവ	65
4	ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ	70
5	വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ	50
6	വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾ	90
7	500 ച.മീറ്ററിന് മുകളിലുള്ളവ	100

ബി. 01.04.2023 ന് ശേഷം ഒക്യുപ്പൻസി നൽകിയ കെട്ടിടങ്ങൾക്ക് പഴയനിരക്കിൽ നികുതി നിർണ്ണയം നടത്തിയതിനുള്ള ഉദാഹരണങ്ങൾ

കെട്ടിട നമ്പർ	കെട്ടിട ഉടമസ്ഥന്റെ പേര്	കെട്ടിട വിസ്തീർണം ച.മീ	ഉപയോഗക്രമം	അസ്സസ്സ്മെന്റ് രജിസ്റ്റർ/ സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഉൾപ്പെട്ടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം	അസ്സസ്സ്മെന്റ് രജിസ്റ്റർ/സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം	ഈടാക്കേണ്ട വസ്തു നികുതി നിരക്ക് ₹	ഈടാക്കിയ വസ്തു നികുതി നിരക്ക് ₹
1/57 B, B1, B2, C, C1, C2	സൈനുദ്ധീൻ. കെ.വി	415.96	ലോഡ്ജ്	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ	ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ	70	30
2/85 B	കെ.വർഷ	59.34	പാർപ്പിടാവശ്യം	പാർപ്പിടാവശ്യം	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ	9	6

2/101 B	പുതിയ പുരയിൽ മുകുന്ദൻ എന്ന താരശ്ശേരി മുകുന്ദൻ	15.21	ഷോപ്പുകൾ	വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോ റന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	വാണിജ്യാവ ശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ	50	40
2/139 C	പി. രാജേഷ്	57.47	പാർപ്പി ടാവശ്യം	പാർപ്പി ടാവശ്യം	സ്വന്തം താമ സത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കു ന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീ വരെയുള്ളവ	9	6
4/177 B	പി.പി ഷംജിത്ത്	59.85	പാർപ്പി ടാവശ്യം	പാർപ്പി ടാവശ്യം	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കു ന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീ വരെയുള്ളവ	9	6
4/296 C	റഫീക്ക്	254.65	പാർപ്പി ടാവശ്യം	പാർപ്പി ടാവശ്യം	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക്	9	6

					വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീ വരെയുള്ളവ		
5/216 A	പൊയിലൻ ആയിഷ	196.45	പാർപ്പിടാവശ്യം	പാർപ്പിടാവശ്യം	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീ വരെയുള്ളവ	9	6
9/291 C C1 C2 C3 C4 C5	ഷറഫുദ്ദീൻ പി	104.82	ഷോപ്പുകൾ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾ	90	70
9/291 B B1 B2 B3 B4 B5	പത്തക്കാലൻ അബ്ദുൾ ലത്തീഫ്	105.18	ഷോപ്പുകൾ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ളഹോട്ടൽ ,റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾ	90	70
18/291 A	ഉണ്ണികൃഷ്ണൻ പി	80.48	വീടുകൾ	പാർപ്പിടാവശ്യം	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ	9	6

					പാർപ്പിടങ്ങൾ)- 300 ച.മീ വരെയുള്ളവ		
18/233 A	മാവി ലോടൻ ഷൈമ	55.4	വീടുകൾ	പാർപ്പിടാവശ്യം	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീ വരെയുള്ളവ	9	6
18/230 A	ചേണിശ്ശേരി ദാമോദരൻ	155.22	വീടുകൾ	പാർപ്പിടാവശ്യം	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീ വരെയുള്ളവ	9	6
27/289 A B C D	കൊല്ലങ്കണ്ടി രവീന്ദ്രൻ	101.16	ഷോപ്പുകൾ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾ	90	70
22/75 D	ഗിരീഷ് സി	71.89	വീടുകൾ	പാർപ്പിടാവശ്യം	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ	9	6

					താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ		

2023-24 വർഷത്തിൽ പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും പുതുക്കിയ നികുതി നിരക്ക് ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (22/14.01.2025) മറുപടിയായി 01.04.2023 മുതൽ 11.10.2023 വരെയുള്ള കാലയളവിൽ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നിരക്ക് വർദ്ധനവിലെ വ്യത്യാസം I K M ന് അറിയിപ്പ് നല്കിയിട്ടുണ്ടെന്നും വസ്തു നികുതി പുനർ നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടങ്ങൾ ഉൾപ്പെടെ 01-04-2023 തീയതി മുതൽ തെറ്റായി നികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടേയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-13 അനധികൃത നിർമ്മാണങ്ങൾ -വസ്തു നികുതി ഈടാക്കുന്നില്ല

നഗരസഭയിലെ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സഞ്ചയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ പരിശോധിച്ചതിൽ മുനിസിപ്പൽ പരിധിയിൽ 3 അനധികൃത കെട്ടിടങ്ങൾ ആണ് ഉള്ളത്. ആയതിൽ താഴെപ്പറയുന്ന കെട്ടിട ഉടമസ്ഥനിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

വാർഡ് /കെട്ടിട നമ്പർ	ഉടമസ്ഥന്റെ പേര്	വസ്തു നികുതി ഈടാക്കാത്ത കാലയളവ്
25/1/2016(UAC)	സുലൈഖ	2020-21 ഒന്നാം അർദ്ധ വർഷം മുതൽ

അനധികൃത കെട്ടിടങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചതിന്റെ വിവരം, ഈ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെയും അവ പരിഹരിക്കപ്പെട്ടതിന്റെയും വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ, കേരള മുനിസിപ്പാലിറ്റി ആക്ടിലെ 407-ാം വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം.29/16.01.2025) മറുപടിയായി നികുതി ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-14 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നില്ല

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്. എ2/2023/നിയമം പ്രകാരമുള്ള വിജ്ഞാപനം അനുസരിച്ച് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ 01-04-2023 പ്രാബല്യത്തിൽ ഭേദഗതി വരുത്തുകയും ഹയർ സെക്കണ്ടറി തലം വരെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള മുനിസിപ്പാലിറ്റി ആക്ട് 235 വകുപ്പിലെ (ബിഎ) ഖണ്ഡം റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം 01-04-2023 മുതൽ സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. മേൽ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 2022-23 വർഷം വരെ 235 (ബിഎ) വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ താഴെ ചേർക്കുന്ന സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

സ്കൂളിന്റെ പേര്	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ)
ശങ്കരവിദ്യാപീഠം	28/788	5301.74

ഇത് സംബന്ധിച്ച് 16.01.2025 തീയതിയിൽ നൽകിയ 28-ാം നമ്പർ ഓഡിറ്റ് എൻകുയറിക്ക് മേല്പറഞ്ഞ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-15 മൊബൈൽ ടെലഫോൺ ടവർ- നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല.

മുനിസിപ്പൽ പരിധിയിലുള്ള 8 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തു നികുതി നിർണയം സംബന്ധിച്ച് വിവരങ്ങളാണ് കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിൽ താഴെപ്പറയുന്ന ആറ് ടവറുകളുടെ വസ്തു നികുതി കൃത്യമായി പിരിച്ചെടുത്തിട്ടുമില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം	ഉടമസ്ഥന്റെ പേര്	വാർഷിക വസ്തു നികുതി
1	19/309 A	SUMMIT DIGITAL INFRASTRUCTURE PRIVATE LIMITED	₹6612 (2020-21) മുതൽ
2	17/108	Jayabal Menon Bharathi Infratel Ltd:kannur	₹4831 (2017 II Half മുതൽ)
3	17/423	Sreejith G Pilla, Project Manager, Tower Vision India Pvt Ltd Kochi	₹3878 2011 Ist Half മുതൽ
4	28/902 B	Bharathi Teli Ventures Ltd	₹3984 2016 IInd Half മുതൽ
5	29/192 A	SUMMIT DIGITAL INFRASTRUCTURE PRIVATE LIMITED	₹1882 2022-23 Ist Half മുതൽ
6	30/23 A	Reliance Infocom Ltd:a&p Arked ,S.a Road,kadavantra Kochi	₹4831 (2017 II Half മുതൽ)

മുനിസിപ്പൽ പരിധിയിൽ അനധികൃതമായി ടവറുകളുടെ നിർമാണം നടന്നിട്ടില്ല എന്ന് ഉറപ്പു വരുത്തുന്നതിനും കൂടിശ്ശിക പിരിച്ചെടുക്കുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വസ്തുനികുതി ചുമത്തിയിട്ടില്ലാത്ത ടവറുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12 തീയതി 09-1-25) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ നാല് ടവറുകൾക്കാണ് കൂടിശ്ശിക ഉള്ളതെന്നാണ് അറിയിച്ചത്. മേൽ പട്ടികയിലെ ക്രമ നമ്പർ ഒന്ന്, അഞ്ച് എന്നിവയിൽ പരാമർശിച്ച ടവറുകൾക്ക് നികുതി ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. ടവറുകളുടെ വസ്തു നികുതി കൂടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അനധികൃതമായി ടവറുകളുടെ നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി വാർഡുതലത്തിൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-16 തൊഴിൽ നികുതി - പിരിച്ചെടുക്കുന്നതിലെ അപാകങ്ങൾ

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ നമ്പർ 245, 247 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും മുനിസിപ്പാലിറ്റി പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. 8-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർ ആരെങ്കിലും ഉണ്ടെങ്കിൽ അയാളും നികുതി നൽകാൻ ബാധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വയ്ക്കേണ്ടതുമാണ്. എന്നാൽ അപ്രകാരം രജിസ്റ്റർ {തൊഴിൽ നികുതി രജിസ്റ്റർ(ട്രേഡേർസ്) }തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി ഹാന്റ് ബുക്കിൽ (ട്രേഡേർസ്) നഗരസഭയിലെ വിവിധ വാർഡുകളിലുള്ള വ്യാപാരികളുടെ പേര്, കെട്ടിട നമ്പർ, ഡിമാന്റ് ചെയ്ത നികുതി, നികുതി ഈടാക്കിയതിന്റെ രസീത് നമ്പർ എന്നിവ ചേർത്തിട്ടുണ്ട്. എന്നാൽ അർദ്ധ വാർഷിക വരുമാനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. കൂടാതെ തൻ വർഷം നികുതി ഡിമാന്റ് ചെയ്ത മുഴുവൻ വ്യാപാരികളിൽ നിന്നും നികുതി ഈടാക്കിയിട്ടുമില്ല. ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി തൻ വർഷത്തെ ആകെ ഡിമാന്റ്, കലക്ഷൻ, കുടിശ്ശിക എന്നിവ കണക്കാക്കി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ (എംപ്ലോയീസ്) ജീവനക്കാരുടെ പേരു വിവരം, ഡിമാന്റ് ചെയ്ത നികുതി, നികുതി ഈടാക്കിയതിന്റെ രസീത് നമ്പർ എന്നിവ ചേർത്തിട്ടുണ്ട്. എന്നാൽ അർദ്ധ വാർഷിക വരുമാനത്തിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൻ വർഷത്തെ ആകെ ഡിമാന്റ്, കലക്ഷൻ, കുടിശ്ശിക എന്നിവ കണക്കാക്കി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(2)-ൽ പ്രസ്തുത ചട്ടങ്ങളിലെ 3-ാം ചട്ട പ്രകാരമുള്ള തൊഴിൽ നികുതി നിർണയിക്കുന്നതിലേക്കായി നിക്ഷേപങ്ങളിൽ നിന്ന് വരുമാനം ലഭിക്കുന്നവർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, ബിസിനസ്സ് നടത്തുന്നവർ എന്നിവരോട് തങ്ങളുടെ അർദ്ധ വാർഷിക വരുമാനം, തൊഴിൽ, അല്ലെങ്കിൽ ബിസിനസ്സിനെ സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ VI-ാം നമ്പർ ഫോറത്തിൽ സത്യപ്രസ്താവന സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണെന്നും റിട്ടേൺ പ്രകാരമുള്ള വരുമാനം കണക്കാക്കി നികുതി നിർണയിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മുനിസിപ്പൽ പരിധിയിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരിൽ നിന്നും ഇപ്രകാരം റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായാണോ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5. 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകിയതിന്റെയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. 2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ, ചട്ടം 3.2.10 പ്രകാരം മുനിസിപ്പൽ പരിധിയിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2023-24 സാമ്പത്തികവർഷം മുനിസിപ്പൽ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരുടെ വിശദാംശങ്ങൾ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

1. മഹാത്മഗാന്ധി കോപ്പറേറ്റീവ് പ്രസ്സ് മട്ടന്നൂർ
2. മാനേജിംഗ് ഡയറക്ടർ കണ്ണൂർ ഹോൾ സെയിൽ കൺസ്യൂമർ കോ: ഓപ്പറേറ്റീവ് സൊസൈറ്റി, മട്ടന്നൂർ
3. ഉരുവച്ചാൽ ഫൈനാൻസിയേർസ്
4. പയ്യൻ ലോട്ടറി മട്ടന്നൂർ
5. ഡൈ ലൈഫ് സൂപ്പർ മാർക്കറ്റ്, ഉരുവച്ചാൽ
6.അക്ഷയ സെന്റർ, ഉരുവച്ചാൽ, മരുതായി, നെല്ലൂന്നി, പാലോട്ടുപള്ളി

7. മാനേജർ ഐ മാൾ, മട്ടന്നൂർ
8. മാനേജർ ലിങ്ക്സ് മാൾ, മട്ടന്നൂർ
9. നാഷണൽ ഇൻഷൂറൻസ്, മട്ടന്നൂർ
10. സൂം ഹൈപ്പർ മാർക്കറ്റ്, മട്ടന്നൂർ
11. സെക്രട്ടറി, വനിതാ സൊസൈറ്റി, നെല്ലൂന്നി
12. ഈസി ബൈ ലിങ്ക്സ് മാൾ
13. ശോഭിത വെഡ്ഡിംഗ്
14. ബാലൻ നമ്പ്യാർ ആൻഡ് സൺസ്
15. ഡ്രീംസ് മാർട്ട്
16. രാരാവീസ് ഫാമിലി റസ്റ്റോറന്റ്
17. സയൻസ് സെന്റർ, മട്ടന്നൂർ
18. ബ്രൈറ്റർ എഞ്ചിനീയറിംഗ് ആൻഡ് മെഡിക്കൽ സെന്റർ
19. കൈരളി അക്കാദമി, മട്ടന്നൂർ
20. ലസാർഡ് അക്കാദമി, മട്ടന്നൂർ
21. ഗ്രൂകുലം കമ്പ്യൂട്ടർ എജ്യുക്കേഷൻ സെന്റർ, മട്ടന്നൂർ

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/10-01-2025) പ്രസ്തുത സ്ഥാപനങ്ങൾക്ക് നികുതി ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ തുക അടവാക്കിയിട്ടില്ലായെന്നും, കുടിശ്ശിക അടവാക്കുന്നതിനായി നോട്ടീസ് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതും നികുതി കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-17 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി 15 ഷെഡ്യൂൾ പ്രകാരം വലിയ തുക നികുതിയിനത്തിലും ഫീസിനത്തിലും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

A. 2023-24 വർഷത്തെ വരവിനങ്ങളിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകകൾ

ക്രമ നമ്പർ	ഇനം	തുക ₹
1	വസ്തുനികുതി	7380297
2	തൊഴിൽ നികുതി (വ്യാപാരികൾ)	648420
3	ലൈസൻസ് ഫീ	18500
4	വാടക (From Civic Amenities)	2942229
5	വാടക (From Lease On Lands)	283143
6	സർവീസ് സെസ്	702891
7	മറ്റിനങ്ങൾ	1740756
ആകെ		13716236

B. മുൻവർഷങ്ങളിലെ കുടിശ്ശിക

ക്രമ നമ്പർ	ഇനം	കുടിശ്ശിക (₹)
1	വസ്തുനികുതി	7982334
2	തൊഴിൽ നികുതി(വ്യാപാരികൾ)	581967

3	ലൈസൻസ് ഫീ	2934833
4	വാടക(from Lease On Lands)	2566622
5	വാടക(from Civic Amenities)	13799969
6	മറ്റിനങ്ങൾ	5887274
7	സർവീസ് സെസ്	760291
ആകെ		34513290

മേല്പറഞ്ഞ ഇനങ്ങളുടെയൊന്നും തൻവർഷ വരവുകളുടേയും കുടിശ്ശികകളുടെയും ഡിമാന്റ് - കളക്ഷൻ - ബാലൻസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ധനകാര്യ പത്രികയിൽ ചേർത്ത ഡിമാന്റുകളുടേയും വരവുകളുടേയും കുടിശ്ശികകളുടേയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാടക, ലേലം എന്നിവയുടെ രജിസ്റ്ററുകളിലും ഉരുവച്ചാൽ ഡയാലിസിസ് സെന്റർ, ഉരുവച്ചാൽ വനിതാ ഹോസ്റ്റൽ എന്നിവയുടെ വരവുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളിലും ഡി.സി.ബി. പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭ കുടിശ്ശിക നിവാരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികളും കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/10.1.25) ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി, സർവീസ് സെസ് ഇനത്തിൽ 2023-24 വർഷം വരെയുള്ള കുടിശ്ശിക ഇനത്തിൽ 7827001 രൂപ ഈടാക്കിയിട്ടുണ്ട് എന്നും തൊഴിൽ നികുതി(വ്യാപാരികൾ) 2023-24 വർഷം വരെയുള്ള കുടിശ്ശിക ഇനത്തിൽ 590790 രൂപ ഈടാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ വരവിനങ്ങളുടെയും ഡിസിബി കൃത്യതയോടെ തയ്യാറാക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിനും ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മുനിസിപ്പൽ കൗൺസിലിന്റെയും ശ്രദ്ധയിൽപെടുത്തുന്നു.

1-18 കല്ലർ വ്യവസായ എസ്റ്റേറ്റിൽ പ്ലോട്ടുകൾ അനുവദിച്ച വ്യവസായ സംരംഭകരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കല്ലർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ സംരംഭം തുടങ്ങുന്നതിനായി പ്ലോട്ടുകൾ അനുവദിക്കപ്പെട്ട വ്യക്തികൾ 2023-24 സാമ്പത്തിക വർഷം പ്രതിമാസ വാടക ഇനത്തിൽ വരുത്തിയ കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു(രജിസ്റ്റർ പ്രകാരം).

ക്രമ നമ്പർ	ലേലം കൊണ്ട വ്യക്തി	ലേലതുക/ മാസവാടക (₹)	ഒടുക്കിയ തുക (₹)	ബാക്കി
1	മാനേജിംഗ് ഡയറക്ടർ, TTA മാർക്കറ്റിംഗ് (പ്ലോട്ട് നം.J, 50 സെന്റ്)	5000	-	60,000 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)
2	ആയിപ്പുഴ പ്രദീപ് (പ്ലോട്ട് നം.H&I, 28 സെന്റ്)	5227	-	62724 (2023 ഏപ്രിൽ മുതൽ മാർച്ച് 2024 വരെ)
3	ടി.പി.മഹേഷ് കുമാർ (പ്ലോട്ട് നം.M, 11 സെന്റ്)	2109	-	25308 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)
4	ആയിപ്പുഴ പ്രദീപ് (പ്ലോട്ട് നം.G, 14സെന്റ്)	2333	-	27996 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)
5	ഷബേഷ് (പ്ലോട്ട് നം.D, 12സെന്റ്)	3010	-	36120 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)
6	ലഷിജ ഉണ്ണികൃഷ്ണൻ (പ്ലോട്ട് നം.F, 13സെന്റ്)	3261	-	39132 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)

7	പ്രനീഷ് കുമാർ. കെ. കെ (പ്ലോട്ട് നം.Q, 10സെന്റ്)	2508	-	30096 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)
8	അനീഫ. കെ (പ്ലോട്ട് നം.C, 15സെന്റ്)	3763	-	45156 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)
9	സുമയ്യ. സി. കെ (പ്ലോട്ട് നം.R, 12 1/4സെന്റ്)	3073	-	36876 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)
10	പി. സുരേഷ് ബാബു (പ്ലോട്ട് നം.P, 50സെന്റ്)	2250	-	27000 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)
11	രാജേഷ് തോട്ടത്താൻ (പ്ലോട്ട് നം.B, 17സെന്റ്)	4477	-	53724 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)
12	സുബിൻ ചന്ദ്രൻ (പ്ലോട്ട് നം.K, 13 1/2സെന്റ്)	3010	-	36120 (2023 ഏപ്രിൽമുതൽ മാർച്ച് 2024 വരെ)

മേല്പറഞ്ഞവരിൽ നിന്നും 2023-24 സാമ്പത്തിക വർഷം പ്രതിമാസ വാടക ഈടാക്കാതിരുന്നതിന്റെ കാരണം, വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/08-01-2025) മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ക്രമ നമ്പർ 4,5,6,7,8,9,10 എന്നിവർ സ്ഥലം ഏറ്റെടുത്തെങ്കിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്ക് 8 മീറ്റർ വീതിയിൽ റോഡ് സൗകര്യം ഇല്ലാത്തതിനാലും, വ്യവസായ വകുപ്പിന്റെ അംഗീകാരം ലഭ്യമാകാത്തതിനാലും സംരംഭങ്ങൾ ആരംഭിച്ചിട്ടില്ലെന്നും ഇക്കാരണത്താൽ പ്രസ്തുത വ്യക്തികളുടെ വാടക ഒഴിവാക്കി നല്കുന്നതിനായി സർക്കാറിലേക്ക് കത്ത് നല്കിയിട്ടുണ്ടെന്നും മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന മറ്റ് വ്യക്തികളുടെ കുടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കല്ലർ വ്യവസായ എസ്റ്റേറ്റിന് കേരള സംസ്ഥാന വ്യവസായ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും തുക പിഴ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളുടെ വാടക കുടിശ്ശികയും ഡെപ്പോസിറ്റ് തുകയും മുഴുവനായും പിരിച്ചെടുത്തിട്ടില്ല

(1)മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റ് ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്, മിനി സ്റ്റേഡിയം കോംപ്ലക്സ്, ഓൾഡ് ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് എന്നീ കെട്ടിടമുറികളുടെ വാടക രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കൈവശക്കാർ 2023-24 സാമ്പത്തിക വർഷം വാടക അടവാക്കിയിട്ടില്ല/ഭാഗികമായി മാത്രമേ അടവാക്കിയിട്ടുള്ളൂ.

ക്രമ നമ്പർ	ഇന വിവരം റൂം നമ്പർ, ഡോർ നമ്പർ	ലേലം കൊണ്ട വ്യക്തി	നിശ്ചയിച്ച മാസ വാടക (₹)	ഒടുക്കിയ തുക (₹)	ബാക്കി (₹)
1	ബസ് സ്റ്റാന്റ് ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്	ശ്രീ. ജാഫർ മാണിക്കോത്ത് 29/1158 A 7	9000	0	108000
		ശ്രീ. അബ്ദുൾ വാഹിദ് കെ 29/1158 B3,B4, B5	10000	40000	80000
		പ്രസ് ഫോറം 29/1158 B 21	1180	0	14160

		ഷഹവിൽ 29/1158 A 15,16	7670	69030	23010
2	പഴയ ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ്- അമ്പലം റോഡ്	സി ബിജു 28/988	7078	-	84936
		പബ്ലിക് ലൈബ്രറി 28/991	4684	-	56208
3	മിനി സ്റ്റേഡിയം കോംപ്ലക്സ്	ജില്ലാ ട്രഷറി 4/67 D To I	വാടക നിശ്ചയിച്ചിട്ടില്ല	അടവാക്കിയിട്ടില്ല	-
		എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസ് 30/535	വാടക നിശ്ചയിച്ചിട്ടില്ല	അടവാക്കിയിട്ടില്ല	-
		ഫുഡ് ആന്റ് സേഫ്റ്റി ഓഫീസ് 30/565	1717	-	20604
		സപ്ലൈകോ 30/539,540, 541, 542, 543, 544	22390	-	268680
		സയൻസ് സെന്റെർ 30/566	70000	-	840000
	മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്	29/1159 മുഹമ്മദ് നസീർ	5833	52497	17499
		29/1168 കെ എം അബ്ദുൾ മുനീർ	7223	0	86676
		29/1169 കെ അബ്ദുൾ റസാഖ്	8397	0	100764

മേൽപ്പറഞ്ഞ കൈവശക്കാരിൽ നിന്നും വാടക പിഴയടക്കം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2) ഓഡിറ്റിന് സമർപ്പിച്ച ലേലക്കരാർ വ്യവസ്ഥകൾ പ്രകാരം (R2 495/18 തിയ്യതി 22.06.23) ലേലം/ടെണ്ടർ കൂടുതൽ സംഖ്യ വിളിച്ച് താൽക്കാലികമായി സ്ഥിരപ്പെടുത്തിയ ഉടനെ ലേല സംഖ്യയുടെ മൂന്നിൽ ഒരു ഭാഗം ഡെപ്പോസിറ്റ് ചെയ്യേണ്ടതും കൗൺസിൽ അംഗീകാരത്തിന് വിധേയമായി മുപ്പത് ദിവസത്തിനകം മുഴുവൻ തുകയും ഫണ്ടിൽ ഒടുക്കി കരാർ ഒപ്പിടാത്ത പക്ഷം ടി ലേലം റദ്ദ് ചെയ്യുന്നതുമാണ്. എന്നാൽ ബസ് സ്റ്റാന്റ് ന്യൂ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ലേലം കൊണ്ടവരിൽ (28/27.07.2023 നമ്പർ പ്രകാരമുള്ള കൗൺസിൽ തീരുമാനം) താഴെ പേര് ചേർക്കുന്നവർ ഇതുവരെ ഡെപ്പോസിറ്റ് തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല.

ക്രമ നമ്പർ	റൂം നമ്പർ, ഡോർ നമ്പർ	ലേലം കൊണ്ട വ്യക്തി	നിശ്ചയിച്ച ഡെപ്പോസിറ്റ് (₹)	ഒടുക്കിയ ഡെപ്പോസിറ്റ് (₹)	ബാക്കി (₹)
1	29/1158 W	ശ്രീ. ജാഫർ മാണിക്കോത്ത്	350000	70000	280000
2	29/1158 B 11	ജിഷമോൾ	125000	35000	90000

3	29/1158 A 6	ഷിനോജ്	450000	100000	350000
4	29/1158 A 17	എ ടി മുഹമ്മദ്	200000	50000	150000
5	29/1158 B 14	നാലകത്ത് അസ്മ	200000	70000	130000
6	29/1158 B9	ഇന്ദുകല ഇ	200000	20000	180000
7	29/1158 B 21	പ്രസ് ഫോറം	100000	0	100000

മേൽപ്പറഞ്ഞ കൈവശക്കാരിൽ നിന്നും വാടകയും ബാക്കിയുള്ള ഡെപ്പോസിറ്റ് തുക ഒടുക്കിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (5/09.01.2025) നല്കിയ മറുപടിയിൽ വാടക കുടിശ്ശികയും ഡെപ്പോസിറ്റ് തുകയും ഈടാക്കുന്നതിനായി നോട്ടീസ് നല്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. വാടക കുടിശ്ശികക്കാരിൽ നിന്നും മുഴുവൻ തുകയും പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

1-20 അപ്രന്റിസ് ട്രെയിനികളായി നിയമിച്ചവരുടെ സ്റ്റൈപന്റ്- കേന്ദ്ര സർക്കാർ വിഹിതം ലഭ്യമായിട്ടില്ല

കേന്ദ്രസർക്കാറിന്റെ അപ്രന്റിസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റിസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റിസ് ട്രെയിനികൾക്കും 2016 ഒക്ടോബർ മുതൽ സ്റ്റൈപന്റിന്റെ 25% (പരമാവധി ₹1500) കേന്ദ്ര സർക്കാർ നല്കുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26-09-2016 ലെ എഫ്-1/21777/ 2016 നമ്പർ കത്ത്, വ്യവസായ പരിശീലന വകുപ്പ് ആർ.ഐ സെന്റർ കണ്ണൂർ അസിസ്റ്റന്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസറുടെ 07.10.2022ലെ RIC/KNR/83/2022-A3 നമ്പർ കത്ത് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. മട്ടന്നൂർ നഗരസഭയിൽ അപ്രന്റിസ് ട്രെയിനികളായി നിയമിച്ചവരുടെ വിവരവും അവർക്ക് സ്റ്റൈപന്റ് നല്കിയ ഇനത്തിൽ 2023-24 വർഷം നഗരസഭ ആകെ ചെലവഴിച്ച തുകയുടേയും തിരികെ ലഭിക്കാനുള്ള തുകയുടേയും വിശദാംശങ്ങൾ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (18/13-1-2025), 2023-24 വർഷം നിയമിച്ച മൂന്ന് അപ്രന്റിസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ് ഇനത്തിൽ നൽകിയ 122356 രൂപയിൽ 2023 ജൂലൈ മാസം വരെ 10072രൂപ ലഭ്യമാവാനുണ്ടെന്നും 2023 ജൂലൈ മാസം മുതൽ സ്റ്റൈപ്പന്റ് റിഇമ്പേഴ്സ്മെന്റ് നിർത്തലാക്കിയെന്ന് ആർ ഐ സെന്ററിൽ നിന്നും അറിയിച്ചിട്ടുണ്ട് എന്നും മറുപടി നല്കിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ മുൻ വർഷങ്ങളിൽ ഉൾപ്പെടെ ആകെ ലഭ്യമാവാനുള്ള തുക, ആയതിൽ നാളിതുവരെ ലഭ്യമായ തുക എന്നിവയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. 2023 ജൂലൈ മാസം വരെ സ്റ്റൈപന്റ് നൽകിയ ഇനത്തിൽ ലഭ്യമാവാൻ അവശേഷിക്കുന്ന തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 ഐ കെ എം വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	2/24, ഐ കെ എം വിഹിതം
അടങ്കൽ	₹5,00,000 വികസനഫണ്ട് -പൊതുവിഭാഗം
ചെലവ്	₹5,00,000 ബിൽ നമ്പർ : 19/16-6-2023

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് നൽകേണ്ടതുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് നമ്പർ 2/24 പ്രകാരം 2023-24 സാമ്പത്തിക വർഷത്തെ തുകയായ ₹500000 ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (32/16-01-2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 വയോമിത്രം പദ്ധതി- രേഖകൾ ലഭ്യമല്ല ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പ്രോജക്ടിന്റെ നമ്പർ, പേര്	1/24, വയോമിത്രം പദ്ധതി	
അടങ്കൽ	₹10,00,000	വികസന ഫണ്ട് – പൊതു വിഭാഗം
ചെലവ്	₹10,00,000	ബിൽ നമ്പർ : 192/5-12-2023

വയോമിത്രം പദ്ധതിയുടെ 2023-24 വർഷത്തെ നഗരസഭാ വിഹിതമായി ₹10,00,000 സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 7990114000077770) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വയോമിത്രം പദ്ധതിയുടെ ഭാഗമായി മുനിസിപ്പാലിറ്റിയിൽ 2023-24 സാമ്പത്തിക വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വയോമിത്രം പദ്ധതി പ്രവർത്തനങ്ങൾ മുനിസിപ്പാലിറ്റി മോണിറ്റർ ചെയ്യാറുണ്ടോ എന്ന് അറിയിക്കണമെന്നും, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/10-1-2025) നൽകിയ മറുപടിയോടൊപ്പം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, വയോമിത്രം പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ വിവരം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 എ.ബി.സി. പ്രോഗ്രാം – വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല – ₹75000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ, പേര്	11/24, എ.ബി.സി. പ്രോഗ്രാം
അടങ്കൽ	₹100000 (വികസന ഫണ്ട്)
ചെലവ്	₹75000 ബിൽ നമ്പർ: 85/5-8-2023

മേൽ പ്രോജക്ട് പ്രകാരം ₹75000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 35/16-1-2025) മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രത്തിന് വേണ്ടി ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 അർബൻ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങൾക്ക് ടെലി മെഡിസിൻ പദ്ധതി – ലക്ഷ്യം പൂർത്തീകരിച്ചില്ല – ₹ 222648 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ / പേരും	219/24, അർബൻ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങൾ ടെലി മെഡിസിൻ, ടെലി കൺസൾട്ടേഷൻ
അടങ്കൽ	₹222648 ഹെൽത്ത് ഗ്രാന്റ്
ചെലവ്	₹ 222648 ബിൽ നമ്പർ :273/7-2-2024

അർബൻ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങൾക്ക് ടെലി മെഡിസിൻ എന്ന പദ്ധതിയിൽ മുൻസിപ്പാലിറ്റിയിലെ മൂന്ന് അർബൻ ഹെൽത്ത് &വെൽനസ്സ് കേന്ദ്രങ്ങൾക്ക് മൂന്ന് ഡെസ്ക്ടോപ്പ്, മൂന്ന് പ്രിന്റർ എന്നിവ ജെം വഴി ലെജണ്ടറി ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങൾ ബന്ധപ്പെട്ട അർബൻ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങൾക്ക് നൽകിയതിന്റെ വിവരം, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല. മേൽ സ്ഥാപനങ്ങളിൽ ടെലിമെഡിസിൻ സംവിധാനം പ്രവർത്തനക്ഷമമായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (40/17-1-2025) മറുപടിയോടൊപ്പം ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് ബന്ധപ്പെട്ട വെൽനസ്സ്സെന്ററുകൾക്ക് കൈമാറിയതിന്റെ വിവരം, കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്തതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ടെലിമെഡിസിൻ സംവിധാനം നാളിതുവരെ നടപ്പിലായിട്ടില്ലെന്നും ഭാവിയിൽ നടപ്പാക്കുന്നതാണെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. രേഖകളുടെ അഭാവത്തിലും പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാത്തതിനാലും ₹ 222648 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 നഗരസഭ വികസനങ്ങളും സേവനങ്ങളും വിശദീകരണ കലണ്ടർ തയ്യാറാക്കൽ – 361000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പ്രോജക്ടിന്റെ നമ്പർ, പേര്	197/24, നഗരസഭ വികസനങ്ങളും സേവനങ്ങളും വിശദീകരണ കലണ്ടർ തയ്യാറാക്കൽ
അടങ്കൽ	₹3,61,000 തനത് ഫണ്ട്
ചെലവ്	₹3,61,000 ബിൽ നമ്പർ 54/6-7-2023

'നഗരസഭ വികസനങ്ങളും സേവനങ്ങളും വിശദീകരണ കലണ്ടർ തയ്യാറാക്കൽ' എന്ന പദ്ധതി പ്രകാരം ജനകീയാസൂത്രണം രജത ജൂബിലി വാർഷികാചരണത്തിന്റെ ഭാഗമായി മട്ടന്നൂർ നഗരസഭയിലെ മുഴുവൻ വീടുകളിലും നഗരസഭയിലെ സേവന ആനുകൂല്യ വിവരങ്ങൾ രേഖപ്പെടുത്തിയ കലണ്ടർ കം ഗൈഡ് സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ശുപീകരിച്ചത്. ആയതിന് സംസ്ഥാന സർക്കാറിന്റെ കീഴിലുള്ള കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയുടെ ലഭ്യമായ ക്വട്ടേഷൻ പ്രകാരം (20000 കലണ്ടർ പ്രസിദ്ധീകരിക്കുന്നതിന് 678000 രൂപ) 28-12-2021 ന് സപ്ലൈ ഓർഡർ നൽകി. 20000 കോപ്പി പ്രിന്റ് ചെയ്തതിന് 800040 (678000 + GST 61020+61020) രൂപയുടെ ഇൻവോയ്സാണ് (21.01.2022-ലെ ഇൻവോയിസ് നം. 6577) KBPS ലഭ്യമാക്കിയിട്ടുള്ളത്. കെ.ബി.പി.എസ് ക്വാട്ട് ചെയ്ത തുകയിൽ 50% അഡ്വാൻസ് നൽകാനും ബാക്കി തുക പുസ്തകം ഡെലിവർ ചെയ്തതിന് ശേഷം നൽകാനും പ്രിന്റിംഗിന് വേണ്ടി കെ.ബി പി.എസ് സമർപ്പിച്ച കത്തിൽ (23-11-2021 ലെ PL-1556/2021 /3371 നമ്പർ) പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം അഡ്വാൻസ് തുക 339000രൂപ 2021-22 വർഷം നൽകിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തി സംബന്ധിച്ച് KBPSയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല.

2) കെ.ബി.പി.എസ് സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം 678000 രൂപയാണ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ അഡ്വാൻസായി നൽകിയ 339000രൂപയും തൻ വർഷം നൽകിയ 3,61,000 രൂപയും ചേർത്ത് കെ.ബി.പി.എസിന് ആകെ 700000 രൂപ നൽകിയിട്ടുണ്ട്. സമർപ്പിച്ച ക്വട്ടേഷനിൽ ഉള്ളതിനേക്കാൾ 22000 രൂപ അധികമായി നൽകിയിട്ടുണ്ട്. മാത്രമല്ല ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ (ആദായ നികുതി, ജി.എസ്.ടി., ടി.ഡി.എസ്) കുറവ് ചെയ്യാതെ മുഴുവൻ തുകയും നൽകുകയാണ് ചെയ്തിട്ടുള്ളത്.

3) കലണ്ടർ സ്റ്റോക്കിലെടുത്തിന്റെയും വിതരണം ചെയ്തതിന്റെയും വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (56/20-1-2025) നൽകിയ മറുപടിയിൽ കെ.ബി.പി.എസ് ഗവൺമെന്റ് അംഗീകൃത ഏജൻസിയായതിനാൽ വർക്ക് ഓർഡർ നൽകുകയാണ് ചെയ്തത് എന്നും, ടി ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നും, ടി ഏജൻസി GST ഉൾപ്പെടാത്ത നിരക്കാണ് ക്വാട്ട് ചെയ്തത് എന്നും ആയതിനാൽ 100040 രൂപ കൂടി നൽകാനുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 23-11-2021-ലെ KBPS-ന്റെ PL-1556/2021/3371 കത്തിൽ ഡയറിയുടെ പ്രിന്റിംഗ് ചാർജ്ജ് 678000 എന്നാണ് കാണിച്ചിട്ടുള്ളത്. ഈ കത്തിൽ കാണിച്ച ടേംസ് & കണ്ടീഷൻസിൽ ട്രാൻസ്പോർട്ടേഷൻ, ലോഡിങ്ങ് ചാർജ്ജ് എന്നിവ അധികം നൽകണം എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ പ്രിന്റിംഗ് ചാർജ്ജിന് പുറമേ ജി.എസ്.ടി തുക നൽകണം എന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ രേഖകൾ പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. 16745 ഡയറികൾ വിതരണത്തിനായി നൽകിയതിന്റെ സ്റ്റേറ്റ്മെന്റ് മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ബാക്കി ഡയറികളുടെ വിതരണ വിവരം ലഭ്യമല്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ 3,61,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1-26 മാലിന്യ ശേഖരണത്തിന് ഇലക്ട്രിക്ക് മുച്ചക്ര വാഹനം വാങ്ങൽ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ, പേരും	203/24, മാലിന്യ ശേഖരണത്തിന് ഇലക്ട്രിക്ക് മുച്ചക്ര വാഹനം വാങ്ങൽ
അടങ്കൽ	₹ 20,00,000 നഗര സഞ്ചയ ഗ്രാന്റ്
ചെലവ്	₹992599 വൗച്ചർ നമ്പർ : 678/20-10-2023

മാലിന്യ ശേഖരണത്തിന് ഇലക്ട്രിക്ക് മുച്ചക്ര വാഹനം Kerala Green Stream – E CART വാങ്ങൽ എന്ന പദ്ധതി പ്രകാരം കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ജെം പോർട്ടൽ വഴി 4 ഇലക്ട്രിക്ക് വാഹനം വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവ് GO(RT) No 2159/2022/LSGD Dt. 2-9-2022 പ്രകാരം 3 വീലർ ഓട്ടോകൾ കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടികളില്ലാതെ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം വാങ്ങുന്ന വാഹനങ്ങൾക്ക് അടിസ്ഥാന വിലയിൽ രണ്ട് ശതമാനം കിഴിവ്, ബാറ്ററിക്ക് 2 വർഷ വാറണ്ടി, 5 ഫ്രീ സർവ്വീസ് എന്നിവ നൽകുമെന്ന് കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് ഉറപ്പ് നൽകിയിട്ടുണ്ടെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാൻ അനുമതിയുള്ള കാലയളവിൽ ജെം പോർട്ടലിൽ രജിസ്റ്റർചെയ്യേണ്ടതാണ് എന്നും കേരള ഓട്ടോമൊബൈൽ ലിമിറ്റഡിന്റെ വാഹനങ്ങൾക്ക് ഓഫർ ചെയ്തിരിക്കുന്ന

അടിസ്ഥാന വില ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനത്തിന് PIAGGIO, MAHEENDRA മുതലായ പ്രമുഖ കമ്പനികൾ GEM പോർട്ടലിൽ ഓഫർ ചെയ്യുന്ന വിലയേക്കാൾ കുറവായിരിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.
പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.
1) കേരള ഓട്ടോമൊബൈൽ ലിമിറ്റഡ്ന്റെ ഇൻവോയ്സ് നമ്പർ SJ/VEH/112/22-23 DT 31-3-2023 പ്രകാരം ആണ് നാല് ഇലക്ട്രിക്ക് വാഹനം വാങ്ങിയത് ആയതിൽ രണ്ടെണ്ണം പ്രവർത്തനരഹിതമാണെന്ന് 23-1-2024ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് തുടർന്ന് ഒരു വാഹനം കൂടി പ്രവർത്തനരഹിതമായിട്ടുണ്ടെന്ന് മുൻസിപ്പാലിറ്റിയിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ആയത് കരാർ പ്രകാരം റിപ്പയർ ചെയ്യുകയോ റീപ്ലെയ്സ് ചെയ്യുകയോ ചെയ്ത് പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
2) കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് വാഹനങ്ങൾക്ക് അടിസ്ഥാന വിലയിൽ രണ്ട് ശതമാനം കിഴിവ് അനുവദിച്ചിട്ടുണ്ടോ എന്നും KALൽ നിന്നും വാഹനം വാങ്ങുമ്പോൾ ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനത്തിന് PIAGGIO, MAHEENDRA മുതലായ പ്രമുഖ കമ്പനികൾ ഓഫർ ചെയ്യുന്ന വിലയേക്കാൾ കുറവാണോ എന്ന് പരിശോധിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വാഹനങ്ങൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്ത അടിസ്ഥാന വിലയിൽ രണ്ട് ശതമാനം കിഴിവ് ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച മറുപടി നൽകിയിട്ടില്ല.
3) വാഹനത്തിന്റെ പരിശോധനക്ക് ലോഗ് ബുക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുള്ള (നമ്പർ 52/18.01.2025) മറുപടിയിൽ പ്രസ്തുത വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിന് KALന് കത്ത് നൽകുകയും എസ്റ്റിമേറ്റ് തയ്യാറാക്കി നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന് എന്ന് അറിയിച്ചിട്ടുണ്ട്. 2024 ജനുവരി മാസത്തിൽ പ്രവർത്തനരഹിതമായ വാഹനം ഒരു വർഷത്തോളമായിട്ടും റിപ്പയർചെയ്തിട്ടില്ല. KALൽ നിന്ന് കരാറിലും സർക്കാർ ഉത്തരവിലും വ്യവസ്ഥ ചെയ്ത പ്രകാരമുള്ള സർവ്വീസ് സ്ഥാപനത്തിന് ലഭ്യമായിട്ടില്ല. വാഹനങ്ങൾ ഹരിത കർമ്മസേനയെ ഏൽപ്പിച്ചിട്ടുണ്ട് എന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഖണ്ഡികയിലെ മറ്റ് അപാകങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച വ്യക്തമായ മറുപടിയും വാഹനങ്ങൾ ഉപയോഗയോഗ്യമാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

1-27 മിനി എം സി എഫിൽ വെർട്ടിക്കൽ ഗാർഡൻ സ്ഥാപിക്കലും പരിപാലനവും - ₹455000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ, പേര്	209/24, മിനി എം സി എഫിൽ വെർട്ടിക്കൽ ഗാർഡൻ സ്ഥാപിക്കലും പരിപാലനവും
അടങ്കൽ	₹5,00,000 വികസന ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ്	₹45000 ബിൽ നമ്പർ : 73/20-7-2023 ₹266640 ബിൽ നമ്പർ : 138/13-10-2023 ₹143360 ബിൽ നമ്പർ :359/13-03-2024 ആകെ ₹455000

'മിനി എം.സി.എഫിൽ വെർട്ടിക്കൽ ഗാർഡൻ സ്ഥാപിക്കലും പരിപാലനവും' എന്ന പ്രോജക്ട് പ്രകാരം വെർട്ടിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ രണ്ട് ടെണ്ടറുകളിൽ 60രൂപ നിരക്കിൽ പലവിധത്തിലുള്ള ചെടികൾ നൽകാമെന്ന് ക്വാട്ട് ചെയ്ത റോബിൻ തോമസ്, നരിമുക്കിൽ ഗാർഡൻസ് എന്നവരുടെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് (മുനിസിപ്പൽ കൗൺസിലിന്റെ 23-03-2023 ലെ തീരുമാനം നമ്പർ 15) 23-3-2023 ന് സപ്ലൈ ഓർഡർ നൽകി. ആയത് പ്രകാരം 7584 പ്ലാന്റുകൾ ഉപയോഗിച്ച് വെർട്ടിക്കൽ ഗാർഡൻ സെറ്റ് ചെയ്തതിന് 455000 രൂപ ശ്രീ റോബിൻ തോമസ് എന്നവർക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1) പ്രോജക്ട് ഫയലിൽ വിവിധ വാർഡുകളിലെ എം.സി.എഫുകളിൽ വെർട്ടിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിന് മിനി എം.സി.എഫ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ നീളം, വീതി, ഉയരം എന്നിവ അറിയിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ വിശദാംശങ്ങൾ ലഭ്യമായത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2) പ്രോജക്ട് ഫയലിലെ നോട്ട് ഫയലിൽ 5229 ചെടികൾ 18 സ്ഥലങ്ങളിലായി സെറ്റ് ചെയ്തതായി കാണിച്ചിട്ടുണ്ട്. (എന്നാൽ ഇവ മിനി എം സി എഫുകളിലാണ് സ്ഥാപിച്ചത് എന്നതിന്റെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല)
3) 913 പ്ലാന്റുകൾ ഉപയോഗിച്ച് മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ടിൽ വെർട്ടിക്കൽ ഗാർഡൻ സ്ഥാപിച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മിനി എം സി എഫുകളിൽ സ്ഥാപിക്കാൻ വേണ്ടി നടപ്പിലാക്കിയ പദ്ധതിയിൽ

മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ടിൽ വെർട്ടിക്കൽ ഗാർഡൻ സ്ഥാപിച്ചത് പദ്ധതിയുടെ ലക്ഷ്യത്തിന് വിരുദ്ധമാണ്.
4) 7584 പ്ലാന്റുകൾ ഉപയോഗിച്ച് എത്ര വെർട്ടിക്കൽ ഗാർഡൻസെറ്റ് ചെയ്യ എന്നതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ സാക്ഷ്യപത്രം ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 51/18-1-2025) മിനി എം സി എഫ് പ്ലാറ്റ് ഫോമുകളിലാണ് വെർട്ടിക്കൽ ഗാർഡൻ സ്ഥാപിച്ചതെന്നും മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ടിൽ സ്ഥാപിച്ച വെർട്ടിക്കൽ ഗാർഡൻ ഫ്രെയിമിനനുസരിച്ച മിനി എം സിഎഫിലേക്ക് മാറ്റി സ്ഥാപിക്കാൻ വേണ്ടി താൽക്കാലികമായി സ്ഥാപിച്ചതാണെന്നും വെർട്ടിക്കൽ ഗാർഡന്റെ പരിപാലനം അതത് വാർഡിന്റെ ചുമതലയുള്ള ഹരിതകർമ്മസേനക്ക് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഏതൊക്കെ സ്ഥലങ്ങളിലെ മിനി എം സി എഫിലാണ് വെർട്ടിക്കൽ ഗാർഡൻ സെറ്റ് ചെയ്തത് എന്നതിന്റേയും എത്ര വെർട്ടിക്കൽ ഗാർഡൻസെറ്റ് ചെയ്യ എന്നതിന്റെയും വിശദാംശങ്ങൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ചതിന്റെ സാക്ഷ്യപത്രം, മുനിസിപ്പാലിറ്റിയിലെ വെർട്ടിക്കൽ ഗാർഡൻ മാറ്റി സ്ഥാപിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കാത്തതിനാൽ 455000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ അപാകങ്ങൾ - ₹2631210 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ / പേരും	210/24, റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ
അടങ്കൽ	₹49 50,000 നഗര സഞ്ചയഗ്രാന്റ്
ചെലവ്	₹2631210 വൗച്ചർ നമ്പർ : 935/17-1-2024

'റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ' എന്ന പ്രോജക്ടിൽ റിംഗ് കമ്പോസ്റ്റ് വാങ്ങാൻ ഇ ടെണ്ടർ ക്ഷണിച്ച്, ലഭ്യമായ നാല് ടെണ്ടറുകളിൽ റെയ്ഡ്കോ വിൽ നിന്നും 2290 രൂപ നിരക്കിൽ ₹2631210-ക്ക് 1149 എണ്ണം റിംഗ് കമ്പോസ്റ്റ് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ IRY/370/23-24 Dt 16-10-2023). പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ) നം. 115/2022/തസ്വഭവ തീയതി 28.05.2022) ഖണ്ഡിക 6.8(എ) I-ൽ പ്രകാരം റിംഗ് കമ്പോസ്റ്റിന് 10% ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതാണ്. എന്നാൽ ശുചിത്വമിഷനിൽ നിന്ന് ടെക്നിക്കൽ സാങ്ഷൻ കിട്ടിയത് പ്രകാരമുള്ള 1149 എണ്ണം റിംഗ് കമ്പോസ്റ്റുകൾ വാങ്ങുമ്പോൾ ആയതിൽ പൂർണ്ണമായും നഗര സഞ്ചയ ഗ്രാന്റാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2) വാങ്ങിച്ച റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തതിന്റെ/സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 53/18-1-2025) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം ശേഖരിച്ചതിന്റെ രേഖകൾ പരിശോധനക്ക് സമർപ്പിച്ചിട്ടില്ല. ഈടാക്കിയ ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ ബിൽ തുക മുഴുവനായും നഗരസഞ്ചയ ഗ്രാന്റിൽ നിന്നാണ് നല്കിയിട്ടുള്ളത്. സുലേഖയിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹2631210 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 പെൻഷൻ വിഹിതം കുറവ് ചെയ്യാതെ ശമ്പള പരിഷ്കരണ തുക അനുവദിച്ചു

09-02-2022ലെ സ. ഉ.(സാധാ) നമ്പർ 294/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുസരിച്ച് 12-08-2021ലെ സ.ഉ.(സാധാ)നമ്പർ 294/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള, കണ്ടിജന്റ് ജീവനക്കാരുടെ 2019 ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക തുക 12-08-2021 വരെയുള്ള കാലയളവിനുള്ളിൽ വിരമിക്കുന്നവർക്ക് ഉത്തരവ് തീയതി മുതൽ ആറുമാസത്തിനകവും 12-08-2021 ശേഷം വിരമിക്കുന്നവർക്ക് വിരമിക്കൽ തീയതി മുതൽ ആറുമാസത്തിനകവും മുഴുവൻ തുകയും, മറ്റുള്ള കണ്ടിജന്റ് ജീവനക്കാർക്ക് 2 തുല്യ മാസ ഗഡുക്കളായി, ആദ്യ ഗഡു 2022 ഏപ്രിൽ മാസത്തിലും രണ്ടാമത്തെ ഗഡു 2023 ഏപ്രിൽ മാസത്തിലും രൊക്കം പണമായി അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നഗരസഭ 11 കണ്ടിജന്റ് ജീവനക്കാർക്ക് രണ്ടാംഗഡുവായി വൗച്ചർ നമ്പർ-22/2023-24 തീയതി 11-4-2023 പ്രകാരം 520960 രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ചപ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതം കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല.

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്	അനുവദിച്ച ശമ്പള പരിഷ്കരണ കുടിശ്ശിക	കുറിപ്പ്
1	സുമാലിനി സി	28379	1-7-19 മുതൽ 31-8-21 വരെയുള്ള കുടിശ്ശിക തുകയുടെ രണ്ടാം ഗഡു

2	വത്സൻ കെ പി	35149	1-7-19 മുതൽ 31-8-21 വരെയുള്ള കുടിശ്ശിക തുകയുടെ രണ്ടാം ഗഡു
3	ദേവു പി പി	29926	1-7-19 മുതൽ 31-8-21 വരെയുള്ള കുടിശ്ശിക തുകയുടെ രണ്ടാം ഗഡു
4	മുനീർ കെ	17912	4-5-20 മുതൽ 31-8-21 വരെയുള്ള കുടിശ്ശിക തുകയുടെ രണ്ടാം ഗഡു

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (66/21-1-2025) ലഭ്യമാക്കിയ മറുപടിയിൽ മുകളിലെ പട്ടികയിൽ പരാമർശിച്ച സുമാലിനി സി ,ദേവു പി പി എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ചു എന്നും എൻ പി എസ് അക്കൗണ്ട് ക്ലോസ് ചെയ്യാൻ അപേക്ഷ നൽകിയിട്ടുണ്ട് എന്നും ബാക്കിയുള്ളവരിൽ നിന്നും എൻ പി എസ് വിഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. എൻ പി എസ് വിഹിതം ഈടാക്കി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-30 ജിയോഗ്രഫിക്ക് ഇൻഫർമേഷൻ സിസ്റ്റം വിവരശേഖരണം - പദ്ധതി പൂർത്തികരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ, പേര്	214/24, ജിയോഗ്രഫിക്ക് ഇൻഫർമേഷൻ സിസ്റ്റം വിവരശേഖരണം
അടങ്കൽ	₹2550000 വികസന ഫണ്ട് പൊതു വിഭാഗം
ചെലവ്	₹1025000 ബിൽ നമ്പർ : 65/12-7-2023

മേൽ പ്രോജക്ട് പ്രകാരം മട്ടന്നൂർ നഗരസഭയിൽ ജി ഐ സ് മാപ്പിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയുമായി 24-3-2023 ന് കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മൊത്തം കരാർ തുകയായ 5124999 രൂപയുടെ 20% തുക മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. കരാർ പ്രകാരം 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെങ്കിലും ഡ്രോൺ സർവ്വേ നടത്തുന്നതിന് ജില്ലാ പോലീസ് മേധാവി, എയർപോർട്ട് അതോറിറ്റി, ജില്ലാകളക്ടർ എന്നിവരിൽ നിന്ന് അനുമതി ലഭ്യമാവാൻ കാലതാമസം നേരിട്ടതിനാൽ പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ പൂർത്തികരിക്കാൻ കഴിയില്ല എന്നും കരാർ കാലാവധി നീട്ടി നൽകാനും ULCCS ആവശ്യപ്പെട്ടതിനെ തുടർന്ന് 24-3-2024 ന് സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം കാലാവധി ഒരു വർഷത്തേക്ക് കൂടി പിഴ കൂടാതെ നീട്ടി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നാളിതുവരെയുള്ള പുരോഗതി വിവരം, സർവ്വേ പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരം എന്നിവ അറിയിക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (45/17-1-2025) മറുപടിയിൽ പദ്ധതി നിലവിൽ 90% പൂർത്തീകരിച്ചു എന്നും ULCCSൽ നിന്നും നൽകിയ വർക്ക് സ്റ്റാറ്റസ് പ്രകാരം കരാർ പ്രകാരമുള്ള വെബ് പോർട്ടൽ, ബിൽഡിങ്ങ് പ്രൊപ്പർട്ടി സർവ്വേ (21647 എണ്ണം) ബേസ് മാപ്പ് (54.15 സ്ക്വയർ കി മീറ്റർ) എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഡ്രോൺ സർവ്വേ (54.15 സ്ക്വയർ കി മീറ്റർ)) നടത്താനുള്ളത് 2025ഫിബ്രുവരി മാസത്തിൽ പൂർത്തീകരിക്കും എന്നും അറിയിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-31 പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ - രേഖകൾ ഹാജരാക്കിയില്ല - ₹4,65,428 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2023-24 വർഷം നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ കൊടുത്ത പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമനം	പ്രോജക്ട് നമ്പർ/	പേര്	അടങ്കൽ₹	ചെലവ്₹
1	236/24	അതിദരിദ്രർക്കുള്ള വീട് നവീകരണം	3,00,180(വികസനഫണ്ട് -ജനറൽ)	1,65,428
2	234/24(SO)	ധാന്യമിൽ യൂനിറ്റ്	6,00,000(വികസനഫണ്ട് -ജനറൽ)	3,00,000
		ആകെ		4,65,428

ഇത് സംബന്ധിച്ച് 21-01-2025ന് നല്കിയ 65-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുൻപ് ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ രേഖകൾ സ്ഥാനം തെറ്റി വെച്ചുപോയതിനാൽ യഥാസമയം കണ്ടെത്താൻ കഴിഞ്ഞില്ലെന്നും

കിട്ടിയ ഉടനെ രേഖകൾ ലഭ്യമാക്കുമെന്നുമാണ് അറിയിച്ചത്. രേഖകൾ ലഭ്യമാകുന്നതുവരെ മേൽ പ്രോജക്ടുകൾ പ്രകാരമുള്ള ₹4,65,428 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ- രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹47,475-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രൊജക്ട് നമ്പർ, പേര്	66/24, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ
അടങ്കൽ	₹63,000 വികസനഫണ്ട് -ടി എസ് പി
ചെലവ്	₹47,475 ബിൽ നമ്പർ : 366/13-3-2024

പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട 9 വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങിനൽകുന്നതിനായി തയ്യാറാക്കിയതാണ് മേൽ പ്രോജക്ട്. കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ അന്ന ഏജൻസീസ്, കൂടാളി എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെക്കൊടുക്കുന്നു.

28-5-22ലെ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ ,സ.ഉ(കൈ)നം 115/2022/തസ്വഭവ ഖണ്ഡിക 7.2.6 പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ആനുകൂല്യം നൽകാവൂ. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. എന്നാൽ ഈ ആനുകൂല്യം നൽകിയിട്ടില്ലായെന്ന പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിദ്യാർത്ഥികൾക്ക് മുൻപ് ഈ ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന് ഉറപ്പുവരുത്താനാവശ്യമായ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (38/16-01-25) മറുപടി/രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച ₹47,475 -ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 അർബ്ബൻ ഡയാലിസിസ് സെന്ററിന് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായിട്ടില്ല- ₹178388 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി എച്ച് സി
പ്രോജക്ട് നമ്പർ, പേര്	16/24, അർബ്ബൻ ഡയാലിസിസ് സെന്ററിന് മരുന്ന് വാങ്ങൽ
അടങ്കൽ	₹ 2035507 മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്
ചെലവ്	₹ 672359 ബിൽ നമ്പർ : 157 /10-11-2023 ₹ 907970 ബിൽ നമ്പർ : 283 /12-02-2024 ₹ 16653 ബിൽ നമ്പർ : 345 /07-03-2024 ആകെ - ₹ 1596982

ഡയാലിസ് രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനു വേണ്ടിയുള്ള പ്രൊജക്ടാണിത്. പ്രോജക്ടിൽ വകയിരുത്തിയ ₹ 2035507 രൂപയിൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 02.11.2023 തീയതിയിലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ: PRF-1945 പ്രകാരം 672359 രൂപയും 08.02.2024 തീയതിയിലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ: PRF-3889 പ്രകാരം 907970 രൂപയും കൂടി ആകെ 1580329 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റ അക്കൗണ്ടിലേക്ക് (A/c No: 3624005700000027) നല്കിയിട്ടുണ്ട്. ബിൽ നമ്പർ 345 /07-03-2024 പ്രകാരം നീതി മെഡിക്കൽസിന് നൽകിയ 16653 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കിയ 1580329 രൂപയിൽ 1401941 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് പരിശോധനക്കായി ഹാജരാക്കിയിട്ടുള്ളത്. ₹178388 (1580329- 1401941) യുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/17-01-2025) ₹178388 മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ടി ഇനത്തിലെ ₹178388 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 സി സി ടി വി സ്ഥാപിക്കുന്ന പൊതുയിടങ്ങളിൽ വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കൽ-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ക്ലീൻ സിറ്റി മാനേജർ
പ്രോജക്ട് നമ്പർ, പേര്	423/24, സി സി ടി വി സ്ഥാപിക്കുന്ന പൊതുയിടങ്ങളിൽ വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കൽ
അടങ്കൽ	₹10,00,000 വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	₹4,54,400, ബിൽ നമ്പർ 498/28-03-2024

മേൽ പ്രോജക്ട് പ്രകാരം വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ CHOICE FURNITURE INDUSTRIES എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. വേസ്റ്റ് ബിന്നുകൾ ലഭ്യമാക്കിയതിന്റെ ഇൻവോയ്സ് (നമ്പർ 050/26-03-24) ഫയലിലുണ്ട്. എന്നാൽ സ്ഥാപനം ഏതൊക്കെയിടങ്ങളിലാണ് വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 13-01-25-ന് നല്കിയ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സി സി ടി വി പ്രവർത്തനക്ഷമമാക്കാത്തത് കൊണ്ടാണ് വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കാഞ്ഞത് എന്നാണ് അറിയിച്ചത്. മേൽ മറുപടി തൃപ്തികരമല്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നതുവരെ ₹4,54,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 ഫെസിലിറ്റേഷൻ സെന്ററിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ, ഫർണിച്ചർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് സ്ഥാപനത്തിന് ഉപയോഗപ്പെടുത്തിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രൊജക്ട് നമ്പർ / പേര്	375/24, ഫെസിലിറ്റേഷൻ സെന്ററിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ, ഫർണിച്ചർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	₹1,00,000 വികസനഫണ്ട് -ജനറൽ ₹4,00,000 തനതുഫണ്ട് ആകെ ₹5,00,000
ചെലവ്	₹1,88,143 വൗച്ചർ നമ്പർ : 1276/30-3-2024(Legendary Distributors) ₹5055 വൗച്ചർ നമ്പർ : 1277/30-3-2024(Income Tax Deducted) ₹5056വൗച്ചർ നമ്പർ : 1278/30-3-2024(GST Deducted) ആകെ =₹1,98,254 (തനതുഫണ്ട്)

ഫെസിലിറ്റേഷൻ സെന്ററിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, ഫർണീച്ചർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ

വാങ്ങുന്നതിനായി തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. GeM പോർട്ടൽ വഴി 5 കമ്പ്യൂട്ടറുകൾ, 1 ലാപ്ടോപ്പ് എന്നിവ Legendary Distributors Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 46, തീയതി 17-01-2025) മറുപടിയായി ഫെസിലിറ്റേഷൻ സെന്റർ പൂർണ്ണമായ രീതിയിൽ പ്രവർത്തന സജ്ജമല്ലാത്തതിനാൽ പ്രസ്തുത കമ്പ്യൂട്ടറുകൾ തൽക്കാലം മുനിസിപ്പാലിറ്റിയിലെ വിവിധ സെക്ഷനുകളിൽ സ്ഥാപിച്ചിട്ടുണ്ട് എന്നും സെന്റർ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് അങ്ങോട്ടേക്ക് മാറ്റുന്നതാണെന്നുമാണ് അറിയിച്ചത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഫെസിലിറ്റേഷൻ സെന്റർ എത്രയും പെട്ടെന്നുതന്നെ പ്രവർത്തനസജ്ജമാക്കുകയും കമ്പ്യൂട്ടറുകൾ സെന്ററിലേക്ക് മാറ്റുകയും ചെയ്യേണ്ടതാണ്. മേൽ വിഷയത്തിൽ മുനിസിപ്പൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-36 IEC പ്രവർത്തനങ്ങൾ അപാകങ്ങൾ - ₹509664 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ/പേരും	225/24, IEC പ്രവർത്തനങ്ങൾ
അടങ്കൽ	₹509664 ഹെൽത്ത് ഗ്രാന്റ്
ചെലവ്	₹ 509664 ബിൽ നമ്പർ :174/21-11-2023

അർബൻ ഹെൽത്ത് &വെൽനസ്സ് സെന്ററിലേക്ക് ആവശ്യമായ ബോർഡുകൾ സ്ഥാപിക്കാൻ ക്വട്ടേഷൻ ക്ഷണിച്ച് ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വിൻവേ ഓഫ് സെറ്റ് പ്രിന്റേഴ്സിന്റെ ക്വട്ടേഷൻ അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കുകയാണ് ചെയ്തത്. പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) അഞ്ച് ലക്ഷത്തിൽ കൂടുതൽ മതിപ്പ് ചെലവ് വരുന്ന മേൽ പ്രവൃത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്വയർമെന്റ് മാന്വൽ (ജി.ഒ.(പി.) നം. 259/2010/തസ്വഭവ തീയതി 08.11.2010) പ്രകാരം ഓപ്പൺ ടെണ്ടർ/ഇ ടെണ്ടർ (5 ലക്ഷത്തിന് മുകളിൽ) വിളിച്ച് നടപ്പാക്കേണ്ടതാണ്. ആയതിൽ നിന്ന് വ്യത്യസ്തമായി പ്രവൃത്തി ക്വട്ടേഷൻ ക്ഷണിച്ച് നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല.

2) ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ ഏറ്റവുംകുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഒമേഗ ഡിസൈൻ & പ്രിന്റ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ആവശ്യപ്പെട്ട മാനദണ്ഡങ്ങൾ പ്രകാരമല്ല ക്വട്ടേഷൻ സമർപ്പിച്ചത് എന്ന് കാണിച്ചാണ് നിരസിച്ചത്. ഏത് മാനദണ്ഡം പാലിക്കാത്തതിനാലാണ് എന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല

3) തയ്യാറാക്കിയ ബോർഡുകൾ സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപിച്ചതിന്റെയും വിവരം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 42/17-1-2025) ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ വിളിക്കുന്നതിന് മുമ്പ് പ്രവൃത്തിയുടെ മൂല്യം മനസ്സിലായിരുന്നില്ല എന്നും പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ സർക്കാർ നിർദ്ദേശം ഉള്ളതിനാലാണ് മാന്വൽ ടെണ്ടർ ക്ഷണിച്ചത് എന്നും ക്വട്ടേഷൻ ലഭ്യമായപ്പോഴാണ് പ്രവൃത്തിമൂല്യം 5 ലക്ഷത്തിന് മുകളിൽ വരുമെന്ന് മനസ്സിലാക്കിയത് എന്നും മറുപടി നൽകിയിട്ടുണ്ട് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഒമേഗ ഡിജിറ്റൽ പ്രിന്റിംഗ് എന്ന സ്ഥാപനം ക്വട്ടേഷനിൽ 70% തുക മുൻകൂറായി നൽകണം എന്ന് രേഖപ്പെടുത്തിയതിനാലാണ് പ്രസ്തുത ക്വട്ടേഷൻ നിരസിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രൊക്വയർമെന്റ് കമ്മിറ്റി മിനട്സിലും, ഭരണസമിതി തീരുമാനത്തിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലില്ല. ബോർഡുകൾ സ്ഥാപിച്ചതിന്റെ വിവരം എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്ന് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹509664 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 തുടർ സാക്ഷരത പദ്ധതി രേഖകൾ ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ ,ഗവ യു പി സ്കൂൾ
പ്രോജക്ട് നമ്പർ, പേര്	22/24, തുടർ സാക്ഷരത
അടങ്കൽ	₹ 150000 (വികസന ഫണ്ട്-പൊതു വിഭാഗം), ₹ 22500 ഗുണഭോക്തൃ വിഹിതം ആകെ ₹ 172500
ചെലവ്	₹ 80000 ബിൽ നമ്പർ 474/26-03-2024, വികസന ഫണ്ട്-പൊതു വിഭാഗം

+1 തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീ എന്ന ഇനത്തിൽ 40 പഠിതാക്കളുടെ പദ്ധതി വിഹിതം ഇനത്തിൽ 80000രൂപ (2000 X 40)കേരള സാക്ഷരത മിഷന്റെ യൂക്കോ ബാങ്ക് പുത്തൻ ചന്ത മെയിൻ ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 02880100113107എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ച ട്രഷറി ബിൽ പകർപ്പിൽ ഡിസ്ട്രിക്ട് ലിറ്ററസി മിഷൻ തിരുവനന്തപുരം എന്നാണ് അക്കൗണ്ട് രേഖപ്പെടുത്തിയത്. എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത പദ്ധതി പ്രകാരം തുടർ സാക്ഷരത പ്രവർത്തനങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള 40 പഠിതാക്കളുടെയും അപേക്ഷകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പഠിതാക്കൾക്ക് ക്ലാസുകൾ ലഭ്യമാക്കിയതിന്റെയും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റെയും വിവരങ്ങൾ എന്നിവയ്ക്കായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/9-01-2025) ലഭ്യമാക്കിയ മറുപടിയിൽ സാക്ഷരതാമിഷനിൽ നിന്നുള്ള രശീതി ലഭ്യമായിട്ടില്ല എന്നും ആയതിന് കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. പഠിതാക്കളുടെ അപേക്ഷ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിച്ചിട്ടുണ്ട്. ഹയർസെക്കണ്ടറി വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത 40 പേരിൽ 25 പേർ പരീക്ഷ എഴുതി എന്നും മറ്റുള്ളവർ ഈ വർഷം പരീക്ഷ എഴുതാനുള്ള തയ്യാറെടുപ്പിലാണ് എന്നും അറിയിച്ചിട്ടുണ്ട്. തുകയുടെ രശീതി, വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-38 10-ാം തരം തുല്യത - രേഖകൾ ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ, ഗവൺമെന്റ് യു.പി സ്കൂൾ
പ്രോജക്ടിന്റെ നമ്പർ, പേര്	186/24, തുടർ സാക്ഷരത
അടങ്കൽ	₹ 1,50,000, വികസന ഫണ്ട്-പൊതുവിഭാഗം
ചെലവ്	₹84000 ബിൽ നം : 425/25-3-2024

മേൽ പ്രൊജക്ട് പ്രകാരം 10-ാം തരം തുല്യതയുടെ 56 പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിലായി ഒരു പഠിതാവിന് 1500 രൂപ നിരക്കിൽ ആകെ ₹84000 രൂപ കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. തുക കൈപ്പറ്റിയത് സംബന്ധിച്ച സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള ഒറിജിനൽ രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഠിതാക്കളുടെ അപേക്ഷ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റെയും എത്ര പേർ വിജയിച്ചു എന്നതിന്റെയും വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/9-1-2025) മറുപടിയിൽ കേരള സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള രശീതി ലഭ്യമായിട്ടില്ല എന്നും രശീതി ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തവരിൽ 23 പേർ പരീക്ഷ എഴുതി പാസ്സായി എന്നും മറ്റുള്ളവർ ഈ വർഷം പരീക്ഷ എഴുതും എന്നും അറിയിച്ചിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള രസീതി പരിശോധനക്കായി ലഭ്യമാക്കേണ്ടതും പ്രോജക്ട് പ്രകാരമുള്ള തുടർ പ്രവർത്തനങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-39 ആംബുലൻസ് നടത്തിപ്പ്-തുടർ നടപടികൾ അറിയിക്കേണ്ടതാണ്

ധനകാര്യ നോഡൽ സെന്റർ- ബി വകുപ്പിന്റെ സ.ഉ.(സാധാ) നം. 7336/15/ധന, തീയ്യതി 11-08-15 ഉത്തരവ്, മട്ടന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറുടെ 23-11-15 ലെ 284/14 നമ്പർ ഉത്തരവ് എന്നിവ പ്രകാരം മട്ടന്നൂർ സി എച്ച് സി യുടെ ഉടമസ്ഥതയിലുള്ള KL 58J 2980 നമ്പർ ആംബുലൻസ് നഗരസഭയ്ക്ക് വിട്ടുകിട്ടിയിട്ടുണ്ട്. നിലവിൽ വാഹനത്തിന്റെ ചുമതല ആർക്കാണ് നല്കിയിരിക്കുന്നതെന്നും രശീത് ബുക്കുകൾ, രശീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ, ആംബുലൻസ് വരവ് രജിസ്റ്റർ, ആംബുലൻസ് ഓടുന്നതിന് ഈടാക്കുന്ന വാടക നിശ്ചയിച്ചയിച്ചതിന്റെ രേഖകൾ, കളക്ഷൻ തുക നഗരസഭയിൽ അടവാക്കുന്നതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(7/9-1-25) മറുപടിയായി ഒന്നര വർഷത്തിലേറെയായി വാഹനം സർവീസ് നടത്തുന്നില്ല എന്നാണ് അറിയിച്ചത്. നഗരത്തിൽ ധാരാളം ആംബുലൻസുകൾ ഉള്ളതിനാൽ നഗരസഭയുടെ ആംബുലൻസ് പൊതുജനങ്ങൾ ഉപയോഗിക്കാത്ത സാഹചര്യമുള്ളതിനാൽ പ്രസ്തുത വാഹനം അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-40 സെക്രട്ടറിയുടെ ശമ്പള ഇനത്തിലുള്ള തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നില്ല

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരളാസർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും പെൻഷൻ അംശദാനവും ഏത് കാലയളവ് വരെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിവരവും അടവാക്കിയതിന്റെ വിശദാംശങ്ങളും ഇനി സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കാൻ ബാക്കിയുള്ള ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/16.01.2025) സർക്കാരിലേക്ക് തുകയൊന്നും ഒടുക്കിയിട്ടില്ലെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക കണക്കാക്കി സഞ്ചിത നിധിയിലേക്ക് അടവാക്കി നിയമാനുസൃതമായ ബാധ്യതകൾ നിർവഹിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-41 ആസ്തി പരിപാലനം-കാര്യക്ഷമമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി) 166/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ് മെന്റ് മാന്വലിൽ നിർദ്ദേശിച്ച പ്രകാരം മുനിസിപ്പൽ ചെയർമാൻ ചെയർമാനായും മുനിസിപ്പൽ സെക്രട്ടറി കൺവീനറായുമുള്ള അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി മുനിസിപ്പാലിറ്റിയിൽ രൂപീകരിക്കേണ്ടതുണ്ട്. മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത കമ്മിറ്റി കാര്യക്ഷമമല്ലെന്നും കമ്മിറ്റി പുനസംഘടിപ്പിച്ച് നടപടികൾ കാര്യക്ഷമമാക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (49/18-01-2025) സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

ആസ്തി പരിപാലനത്തിന്റെ ഭാഗമായി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനായി R-Track വഴി റോഡുകൾ മാപ്പിങ്ങ് നടത്തിയിട്ടുണ്ട്. നിലവിൽ ULGIS Dhirishti App വഴി റോഡുകൾ, പാലങ്ങൾ, കുളങ്ങൾ, മുനിസിപ്പാലിറ്റിയുടെ ആസ്തിയിലുള്ള കെട്ടിടങ്ങൾ എന്നിവയുടെ മാപ്പിങ്ങ് പൂർത്തീകരിച്ചിട്ടുണ്ടെന്നും അവയുടെ വെരിഫിക്കേഷൻ പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സചിത്ര സോഫ്റ്റ് വെയറിൽ ആസ്തികൾ കാലികമാക്കി എൻട്രി വരുത്തിയിട്ടുണ്ടെങ്കിലും ആപ്ലിക്കേഷൻ അപ്ഡേഷൻ വരുത്താത്തതിനാൽ എൻട്രി വരുത്തിയ ഡാറ്റകൾ അപ്രത്യക്ഷമാകുന്ന അവസ്ഥ ഉണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സോഫ്റ്റ് വെയർ അപാകം ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽപെടുത്തി പരിഹരിക്കേണ്ടതും മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള മുഴുവൻ ആസ്തികളുമുൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

1-42 പൊതുമരാമത്ത് പ്രവൃത്തികൾ - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും)ചട്ടങ്ങളിലെ ചട്ടം 17(2)ൽ മുനിസിപ്പാലിറ്റി നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതാണെന്നും പ്രസ്തുത നോട്ടീസിൽ പണിയുടെ പേര്, എസ്റ്റിമേറ്റ് തുകയും കാലാവധിയും, പണി തുടങ്ങുന്ന തീയതി, ചെയ്തുതീർക്കേണ്ട തീയതി, കരാറുകാരന് അനുവദിച്ച ടെൻഡർനിരക്ക് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം,തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ് പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും സ.ഉ (കൈ) 86/2022ത.സ്വ.ഭ.വ തിയ്യതി 19.04.2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 14(7) ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പരിശോധിച്ച മരാമത്ത് ഫയലുകളിലൊന്നും മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകളില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (50/18-01-2025) റോഡിന്റെ പേര്, തദ്ദേശ സ്ഥാപനത്തിന്റെ പേര് എന്നിവ മാത്രം രേഖപ്പെടുത്തിയ ബോർഡാണ് നിലവിൽ സ്ഥാപിക്കുന്നത് എന്നും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ ഉത്തരവ് പാലിച്ച് മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിക്കുന്നതാണ് എന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1-43 പെൻഷൻ ഫണ്ട്- അവലോകനം

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2), 8

എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതാത് മാസം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്. ഇത് പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി ഒടുക്കുന്നുണ്ട്. മുനിസിപ്പാലിറ്റിയിലെ റഗുലർ പെൻഷൻകാരുടെ പെൻഷൻ നൽകുന്നത് എസ്.ബി.ഐ യുടെ മട്ടന്നൂർ ബ്രാഞ്ചിൽ ഇതിനായി തുടങ്ങിയ 57067151745 നമ്പർ അക്കൗണ്ടിൽ നിന്നാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 2023-24 സാമ്പത്തിക വർഷം തുകയൊന്നും ലഭിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്ന് തുക പെൻഷൻ വിതരണം ചെയ്യുന്നതിനായുള്ള എസ്.ബി.ഐ അക്കൗണ്ടിലേക്ക്(അക്കൗണ്ട് നമ്പർ-57067151745) കൈമാറി അതിൽ നിന്നാണ് പെൻഷൻ വിതരണം ചെയ്തു വരുന്നത്. തനത് ഫണ്ടിൽ നിന്ന് പെൻഷൻ വിതരണത്തിനായി തുക ചെലവഴിച്ച ഇനത്തിൽ 2023-24 വർഷം 2373436 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് തിരികെ ലഭിക്കുവാനുണ്ടെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറിക്കുള്ള (3/09-01-2025) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. റഗുലർ വിഭാഗത്തിൽ ആകെ ആറ് പെൻഷൻകാരാണ് മുനിസിപ്പാലിറ്റിയിൽ നിന്ന് പെൻഷൻ വാങ്ങുന്നത്. പെൻഷൻ വിതരണത്തിനായി 860222 രൂപയും ഗ്രാറ്റുവിറ്റി,കമ്മ്യൂട്ടേഷൻ ഇവ വിതരണം ചെയ്യുന്നതിനായി 839025 രൂപയും ഉത്സവ ബത്ത നല്കുന്നതിനായി 4000 രൂപയും 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

കേരള മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ഡി.സി.ആർ.ബി. റൂൾസ് 1997(GO(P)97/LAD/3.05.97) ചട്ടം 1,7(2) എന്നിവ പ്രകാരം ശമ്പളത്തിന്റെ 15% തുക പെൻഷൻ ഫണ്ടിനു വേണ്ടി പ്രത്യേക ട്രഷറി അക്കൌണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടിനു വേണ്ടി പ്രത്യേക ട്രഷറി അക്കൗണ്ട് തുടങ്ങിയിട്ടില്ല. മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നാണ് പെൻഷൻ വിതരണം ചെയ്യുന്നത്. കണ്ടിജന്റ് വിഭാഗത്തിൽ ആകെ പത്ത് പെൻഷൻകാരാണ് മുനിസിപ്പാലിറ്റിയിൽ നിന്ന് പെൻഷൻ വാങ്ങുന്നത്. പെൻഷൻ വിതരണത്തിനായി 1513216 രൂപയും ഉത്സവ ബത്ത നല്കുന്നതിനായി 10000 രൂപയും 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

1-44 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -മാലിന്യസംസ്കരണം ഹരിതകർമ്മ സേനയിലൂടെ -അവലോകനം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ **326** മുതൽ **345** വരെ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ നഗരസഭയുടെ ചുമതലകൾ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. നിലവിൽ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭമാണ് ഹരിത കർമ്മസേന. സ.ഉ(ആർ.ടി)നം.**1496/2020/**തസ്വഭവ, തീയതി **12.08.2020** പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) **880/2021/**തസ്വഭവ, തീയതി **16.04.2021,** സ.ഉ (ആർ.ടി) **949/2021/**തസ്വഭവ, തീയതി **05.05.2021** എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയിരിക്കണം ഓരോ പ്രദേശത്തേയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

നഗരസഭ-അടിസ്ഥാന വിവരങ്ങൾ

മട്ടന്നൂർ നഗരസഭയിൽ ആകെ 35 വാർഡുകളാണ് ഉള്ളത്. ആകെ ജനസംഖ്യ 55,772 . ആൾത്താമസമുള്ള വീടുകൾ 12,960 ഉം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 1595 ഉം ആണ്.

ഹരിതകർമ സേനയുടെ പ്രവർത്തനം

നഗരസഭയിലെ ആകെയുള്ള 35 വാർഡുകളിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്, ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന് 53 വനിതകളെ ഹരിതകർമ്മ സേനാംഗങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഹരിതമിത്രം ആപ്പ് ഉപയോഗിച്ച് വീടുകളിൽ പതിപ്പിച്ചിട്ടുള്ള ക്യൂ.ആർ. കോഡ് സ്കാൻ ചെയ്തിട്ടാണ് ഹരിതകർമ്മസേനാംഗങ്ങൾ പ്ലാസ്റ്റിക്കും യൂസർ ഫീയും ശേഖരിക്കുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഓഫീസ് തലത്തിൽ മോണിറ്റർ ചെയ്യുന്നതും ഹരിതമിത്രം ആപ്പ് ഉപയോഗിച്ചിട്ടാണ്.

വേസ്റ്റ് മാനേജ്മെന്റ് ഫലപ്രദമായി നടപ്പാക്കുന്നതിനായി മുനിസിപ്പാലിറ്റി ബൈലോ തയ്യാറാക്കിയിട്ടുണ്ട്. 35

വാർഡുകളിലായി പ്രവർത്തിക്കുന്ന 53 ഹരിത കർമ്മസേനാംഗങ്ങൾക്ക് ശരാശരി 12,000 രൂപ വീതം പ്രതിമാസ വരുമാനം ലഭിക്കുന്നുണ്ട്. വേതനം നൽകുന്നതിന് വയബിലിറ്റി ഗേപ്പ് ഫണ്ട് ഉപയോഗിക്കേണ്ടിവന്നിട്ടില്ല. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. ജൈവമാലിന്യം ഉപയുക്തമാക്കി ജൈവവളം ഉത്പാദിപ്പിക്കുന്ന സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് വാഹനങ്ങളും അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനവും ഓഫീസ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. കേരള ഓട്ടോമൊബൈൽ ലിമിറ്റഡിന്റെ ഇൻവോയ്സ് നമ്പർ SJ/VEH/112/22-23, തീയതി 31-3-2023 പ്രകാരം നാല് ഇലക്ട്രിക്ക് വാഹനങ്ങൾ വാങ്ങിയതിൽ മൂന്നെണ്ണവും പ്രവർത്തനരഹിതമായെന്നാണ് മുൻസിപ്പാലിറ്റിയിൽ നിന്ന് അറിയിച്ചത്. ആയത് നാളിതുവരെയായി കരാർ പ്രകാരം റിപ്പയർ ചെയ്യുകയോ റീപ്ലെയ്സ് ചെയ്യുകയോ ചെയ്തിട്ടില്ല.

മാലിന്യ ശേഖരണ സംവിധാനങ്ങൾ

നഗരസഭയിൽ 2 എംസിഎഫും 1 RRF ഉം പ്രവർത്തിക്കുന്നുണ്ട്. 2 ബെയിലിംഗ് മെഷീനും 2 ഷ്രെഡിംഗ് മെഷീനും ഉണ്ട്. MCF ൽ ടോയ് ലെറ്റ്, വൈദ്യുതി, കുടിവെള്ള സൗകര്യങ്ങൾ ഉണ്ട്. അഗ്നി പ്രതിരോധ സംവിധാനങ്ങളുടെ ഭാഗമായി 10 അഗ്നിശമനയന്ത്രങ്ങൾ സ്ഥാപിക്കുകയും അഗ്നി രക്ഷാ വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്തിട്ടുണ്ട്. MCF പരിസരത്ത് നഗരസഭയിലെ ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ചുവരുന്നുണ്ട്. വിവിധ വാർഡുകളിലായി 100 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 20 ലക്ഷം രൂപ വകയിരുത്തുകയും 13.5 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മുനിസിപ്പൽ ഓഫീസിലെയും സബ് ഓഫീസുകളിലെയും ഇ-വേസ്റ്റുകൾ ശേഖരിച്ചുവെക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.

മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾ

നഗരസഭയ്ക്ക് സ്വന്തമായി മാലിന്യസംസ്കരണ പ്ലാന്റുണ്ട്. ഇത് നാലാങ്കേരി വാർഡിൽ കരിത്തൂർ പറമ്പ എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. MCF ഉം RRF ഉം വിൻഡ്രോ ഷെഡ്സ് പ്രവർത്തിക്കുന്നത് മാലിന്യ സംസ്കരണ പ്ലാന്റിൽ തന്നെയാണ്. ജൈവമാലിന്യ സംസ്കരണ ഉപാധികളില്ലാത്ത വീടുകൾക്ക് റിംഗ് കമ്പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം, സംസ്കരണം എന്നിവയ്ക്കായി Green Worms Eco Solutions Pvt. Ltd. എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. ഈ സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ട്. ഇതിനു പുറമെ, Clean Kerala Co. Ltd. എന്ന സ്ഥാപനത്തിനും മാലിന്യം നൽകാറുണ്ട്. 2023-24 വർഷം 63,548 കി.ഗ്രാം മാലിന്യങ്ങൾ ടി സ്ഥാപനങ്ങൾക്ക് നൽകിയതുവഴി ₹4,98,035 ലഭിച്ചിട്ടുണ്ട്. ലെഗസി മാലിന്യം കൈയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട് മേൽസ്ഥാപനങ്ങൾക്ക് തൻവർഷം ₹9,38,936 അനുവദിച്ചിട്ടുണ്ട്. 1,63,010 കി.ഗ്രാം മാലിന്യങ്ങളാണ് ടി സ്ഥാപനങ്ങൾ നീക്കം ചെയ്തത്.

പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് നിയന്ത്രിക്കാൻ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം ഇതുവരെയും തുടങ്ങിയിട്ടില്ല.മാലിന്യങ്ങൾ അനധികൃതമായി തള്ളുന്ന സംഭവങ്ങൾ, നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം എന്നിവ നിയന്ത്രിക്കാൻ ജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനഫലമായി പിഴത്തുകയായി₹1,39,500 ഈടാക്കിയിട്ടുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്ഥാപനം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ/പരിമിതികൾ

ദ്രവമാലിന്യ സംസ്കരണത്തിന് STP (Sewage Treatment Plant) സംവിധാനം നിലവിലില്ലാത്തതിനാൽ ടി വിഷയത്തിലുള്ള പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ട്. ശാസ്ത്രീയമായ അറവുശാലയില്ലാത്ത വിഷയം, സാനിറ്ററി വേസ്റ്റ് സംസ്കരിക്കുന്നതിനുള്ള കേന്ദ്രീകൃത സംവിധാനത്തിന്റെ അഭാവം എന്നിവയാണ് പ്രധാനമായ വിഷയങ്ങൾ. FSTP(faecal Sludge Treatment Plant) സംവിധാനവും നഗരസഭയിലില്ല. കോഴിമാലിന്യ സംസ്കരണ സ്ഥാപനമായ വിരാട് റെന്ററിംഗ് പ്ലാന്റിനെതിരെയുള്ള നാട്ടുകാരുടെ പ്രതിഷേധം മാലിന്യ സംസ്കരണവിഷയത്തിൽ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രതിസന്ധിയാണ്.
ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ കുറച്ചുകൂടി കാര്യക്ഷമമാക്കി മുന്നോട്ടു പോകാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	07-01-2025, 08-01-2025	കെ.എസ്.എ/കെ.എൻ.ആർ /ബി.3/112/2025 തീയതിഃ 17.02.2025

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ തീയതി.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലത്ത് പൈപ്പ് ലൈൻ നീട്ടൽ (165/24)	328/22-1-24	₹64,000	42696	ബാക്കിയുള്ള ₹21304 ചെക്ക് നമ്പർ-009454 30-08-2024 പ്രകാരം തിരികെ ലഭിച്ചു.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ജിയോഗ്രഫിക്ക് ഇൻഫർമേഷൻ സിസ്റ്റം വിവരശേഖരണം എന്ന പ്രോജക്ട് (നമ്പർ 214/24) പ്രകാരം ജി.ഐ.എസ് മാപ്പിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് ₹1025000 (ബിൽ നമ്പർ 65/12-7-2023) മൊബിലൈസേഷൻ അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച വായ്പ	തിരിച്ചടക്കേണ്ട ആകെ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
						മുതൽ	പലിശ	
ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം	GO.147/ 2009/ ത.സ്വ.ഭ.വ/ 29-7-	3,93,36,119	1259780	0	1259780 (1226262 മുതൽ + 33518 പലിശ)	1226154	33626	0*

KURDFC ലോൺ	2009							
പി.എം.എ.വൈ KURDFC ലോൺ	ജി.ഒ (എം.എസ്) 68/2018/ത.സ്വ.ഭ.വ/18-05-2018	4,42,00,000	32479997	0	32479997	2946666		29533331
ആകെ		83536119	33739777	0	33739777	4172820	33626	29533331

*വായ്പാതുക പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ടെന്നും, ആയതിനാൽ വായ്പാ ബാധ്യത പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടെന്നും 30-11-2024 ലെ കെ.യു.ആർ.ഡി.എഫ്.സി/യു.എൽ.ബി/360/2013 കത്ത് പ്രകാരം മാനേജിങ്ങ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4-6 സ്ഥിര നിക്ഷേപം

മുനിസിപ്പാലിറ്റിക്ക് സ്ഥിരനിക്ഷേപമിനത്തിലുള്ള തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	58,80,456
തൻ വർഷം നിക്ഷേപിച്ച തുക	63,75,175
ആകെ	1,22,55,631
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	1,22,55,631

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ക്രമ നമ്പർ	ഇനം	നിക്ഷേപിച്ച തിയ്യതി & പലിശ	തുക (₹)	കാലാവധി പൂർത്തിയാകുന്ന തീയതി
1	കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ FD നമ്പർ 26/2010-11/16-5-2023	16-05-2023 8.25%	30,00,764	16-05-2024
2	കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ FD നമ്പർ 0302111703477/29-10-2023	29-10-2023 8.25%	1165316	28-10-2024 ന് കാലാവധി പൂർത്തിയായിട്ടുണ്ടെങ്കിലും പുതുക്കി നിക്ഷേപിച്ചിട്ടില്ല.
3	കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ FD നമ്പർ 002111 705083/19-02-2024	19-02-2024 9%	60,00,000	19-01-2026
4	യൂനിയൻ ബാങ്ക്, മട്ടന്നൂർ FD നമ്പർ -817585 Dt 28.1.2024	28.1.2024 6.75%	1568551	28.1.2025
5	ക്ലീൻ കേരള മിഷൻ ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 033/26-5-2014, 500 എണ്ണം		500000	

	@ ₹1000			
6	ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 256/13.1.1993 -60 എണ്ണം @ ₹100		6,000	
7	ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 207/13.1.1993 -150 എണ്ണം @ ₹100		15,000	
			12255631	

2021-22 സാമ്പത്തിക വർഷത്തെ പലിശ ഇനത്തിലുള്ള 260214 രൂപ വാർഷികകണക്കിൽ ഉൾപ്പെടുത്താത്തതിനാൽ നീക്കിയിരിപ്പിൽ വാർഷികകണക്കുമായി 260214 രൂപയുടെ വ്യത്യാസമുണ്ട്. 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1-1-11ൽ ഈ അപാകം പരാമർശിച്ചിട്ടുണ്ടെങ്കിലും പരിഹരിച്ചിട്ടില്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുനിസിപ്പാലിറ്റിയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	വിഷയം	നിലവിലെ സ്ഥിതി
2001-02	5	2004-05	4/11-13	രേഖയില്ല കാലിത്തീറ്റ വിതരണത്തിൽ ക്രമക്കേട്	പരാമർശം നിലനിൽക്കുന്നു
2016-17	3-1	2017-18	1-13-6	ഫണ്ട് വിനിയോഗം പുരോഗതി കൈവരിച്ചില്ല	പരാമർശം നിലനിൽക്കുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	322453288
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	323452404
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	6445813

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക	തുക	ഉത്തരവാദിയായ ആളുടെ പേരും

നമ്പർ		
1-21	500000	ശ്രീ. എസ്. വിനോദ് കുമാർ, സെക്രട്ടറി
1-22	10,00,000	ശ്രീ. എസ്. വിനോദ് കുമാർ, സെക്രട്ടറി
1-23	75000	ശ്രീ. എസ്. വിനോദ് കുമാർ, സെക്രട്ടറി
1-24	222648	ശ്രീ. എസ്. വിനോദ് കുമാർ, സെക്രട്ടറി
1-25	3,61,000	ശ്രീ. എസ്. വിനോദ് കുമാർ, സെക്രട്ടറി
1-27	455000	ശ്രീ. എസ്. വിനോദ് കുമാർ, സെക്രട്ടറി
1-28	2631210	ശ്രീ. എസ്. വിനോദ് കുമാർ, സെക്രട്ടറി
1-31	4,65,428	ശ്രീ. കെ.പി. രമേഷ് ബാബു പ്രൊജക്ട് ഓഫീസർ,നഗരദാരിദ്ര്യനിർമാർജന സെൽ
1-32	47475	ശ്രീ. കെ.പി. രമേഷ് ബാബു പ്രൊജക്ട് ഓഫീസർ,നഗരദാരിദ്ര്യനിർമാർജന സെൽ
1-33	178388	ഡോ. സുഷമ. കെ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
1-36	509664	ശ്രീ. എസ്. വിനോദ് കുമാർ, സെക്രട്ടറി
	6445813	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-12

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. എസ്. വിനോദ് കുമാർ, സെക്രട്ടറി	സെക്രട്ടറി, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തരപുരം	ടി.സി. 20/18-16, നാരായണ നിവാസ്, തമലം, പൂജപ്പുര, തിരുവനന്തപുരം 695012
ശ്രീ. കെ.പി. രമേഷ് ബാബു പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമാർജന സെൽ	വിരമിച്ചു	ടി.പി ഹൗസ്, ചെണ്ടയാട് പി.ഒ മാവിലേരി, കണ്ണൂർ ജില്ല
ഡോ. സുഷമ. കെ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മട്ടന്നൂർ	കൊളക്കാൽ ഹൗസ്, മുണ്ടയാട് പി.ഒ, കണ്ണൂർ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98 തനത് ഫണ്ട്	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(2)/23-11-2011	3
1997-98 പദ്ധതി വിഹിതം	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(1)/23-11-2011	12
1998-99 തനത് ഫണ്ട്	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(4)/23-11-2011	11
1998-99 പദ്ധതി വിഹിതം	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(3)/23-11-2011	11
1999-00 തനത് ഫണ്ട്	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(6)/23-11-2011	10
1999-00 പദ്ധതി വിഹിതം	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(5)/23-11-2011	3
2000-01 പദ്ധതി വിഹിതം	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(7)/23-11-2011	17
2000-01 തനത് ഫണ്ട്	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(8)/23-11-2011	1
2001-02 തനത് ഫണ്ട്	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(10)/23-11-2011	10
2001-02 പദ്ധതി വിഹിതം	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(9)/23-11-2011	7
2002-03	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(11)/23-11-2011	4
2003-04	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(12)/23-11-2011	7
2004-05	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(13)/23-11-2011	13
2005-06	എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(14)/23-11-2011	11
2006-07	എൽ.എഫ്/കെ.എൻ.ആർ/ബി.3/ 490/ 13/16-5-2013	15
2007-08	എൽ.എഫ്/കെ.എൻ.ആർ/ബി.3/ 1927/ 13/16-5-2013	25
2008-09	എൽ.എഫ്/കെ.എൻ.ആർ/ബി.3/ 1371/ 13/4-1-2014	29
2009-10	എൽ.എഫ്/കെ.എൻ.ആർ/ബി.3/ 1371/ 13/4-1-2014	30
2010-11 2011-12	എൽ.എഫ്/കെ.എൻ.ആർ/ബി.3/ 146/ 15/29-7-2015	47
2012-13 2013-14 2014-15	എൽ.എഫ്/കെ.എൻ.ആർ/ബി.3/ 2059/16/29-2-2016	31
2015-16	കെ.എസ്.എ/കെ.എൻ.ആർ/ബി.2/ 178/17/10-2-2017	8

2016-17	കെ.എസ്.എ/കെ.എൻ.ആർ/സി.13/ 1806/17 /27-11-2017	18
2017-18	കെ.എസ്.എ/കെ.എൻ.ആർ/സി.16/ 126/19 /14-3-2019	12
2018-19	കെ.എസ്.എ/കെ.എൻ.ആർ/സി.16/ 1789/19 /22-1-2020	36
2019-20	കെ.എസ്.എ/കെ.എൻ.ആർ./സി.15/ 41/2022 തീയതി: 11.05.2022	27
2020-21	കെ.എസ്.എ/കെ.എൻ.ആർ./സി.15/ 42/2022 തീയതി: 12.05.2022	29
2021-22	കെ.എസ്.എ/കെ.എൻ.ആർ./സി.15/ 531/2023 തീയതി: 18.05.2023	31
2022-23	കെ.എസ്.എ/കെ.എൻ.ആർ./സി.15/ 92/2024 തീയതി: 12.07.2024	58

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 31-07-2024 and submitted on 03-09-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Mattannur Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Mattannur Municipality as on 31-03-2024

Date: 17/02/2025

Senior Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Mattannur Municipality for the Year 2023-2024 .

1.Major Observations

1) Documents are not made available to verify the accuracy of datas in AFS formed by combining datas in two different software such as sankhya and K-smart

2). Asset value shown in Balance Sheet is not traceabale to Asset Register due to unsupported design of existing Asset Register.

3) Non inclusion of Notes to accounts in Financial Statements and Non disclosure of material facts .

2.Other Observations

1)The accounting rules such as rule 58.4, rule 58.3 prescribed in the Municipality accounting rules 2007 are not followed.
2).The mandatoryfinancial statements (Ratios) prescribed in accounting rules not submitted for audit.
3)Certified Annual DCB Statements related to Tax and Non Tax Revenue items & arrear demand registers were not produced for verification in audit.
4)The following registers are not reliable for audit as it is not maintained in prescribed format -a) advance register, b)deposit register, c) investment register .Appropriation Control Registers to watch the Utilisation of Funds other than development fund and maintenance grant received from Central, State and other agencies had not been maintained.
5) Loan liabilty shown in balance sheet B-5 schedule and loan rgister does not shows the actual liability.
6)Development grant-general, maintanance grant -non road :- expenditure as per AFS do not match with sulekha expenditure statement
7)Amount used for asset creation using specific grant account not transfered to capital contribution and treated as revenue income eg-corporation grant
8) Ayyankali Urban Employment Guarantee Scheme receipt and expenditure as per AFS do not match with the datas in cash book of the scheme
9)Details of liability shown in balance sheet B-9 schedule as Refund payable deposit work Rs 2778941 is not made available.
10) stale cheque which is issued before three years is not transferred to own fund account.
11) Grant liability amount shown as liability in balance sheet does not match with bank account opened for the specified grant- eg -CFC grant
12) Documents to verify the accuracy of beneficiary contribution as per different schedule of AFS does not produced
13) Schedule showing the details of depreciation of asset is not included in income &expenditure statement.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annex3-1

RECEIPT & PAYMENT STATEMENT

Mattannur Municipality

RECEIPT & PAYMENT STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	89955038.51
Cash	Cash	RP-40(a)	0.0
	Operating		
110000000	Tax Revenue	RP-1	5311212.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	RP-2	36588.00
130000000	Rental income from Panchayat Properties	RP-3	41113.00
140000000	Fees & User Charges	RP-4	18556566.00
150000000	Sale & Hire Charges	RP-5	275839.00
160000000	Revenue Grants, Funds, Contributions & Compensations	RP-6	85132623.00
171000000	Interest Earned	RP-8	941594.00
180000000	Other Income	RP-9	51167.00
431000000	Sundry Debtors (Receivables)	RP-37	123330961.00
	Non Operating		
311000000	Earmarked Funds	RP-22	13213385.00
320000000	Grants, Funds & Contributions for Specific Purposes	RP-24	69545522.00
340000000	Deposits Received	RP-27	1197949.00
350000000	Other Liabilities	RP-29	4473796.00
460000000	Loans, Advances and Deposits	RP-41	344973.00
	Grand total		**412408326.51**
	PAYMENTS		
	Operating		
210000000	Establishment Expenses	RP-10	14385549.00
220000000	Administrative Expenses	RP-11	4405549.00
230000000	Operations & Maintenance	RP-12	7054312.00
240000000	Interest & Finance Charges	RP-13	64069.00
250000000	Decentralised Plan Programme- Productive Sector	RP-14	58982793.00
251000000	Decentralised Plan Programme- Service Sector	RP-45	38429382.00
252000000	Decentralised Plan Programme- Infrastructure Sector	RP-46	16545666.00
253000000	Decentralised Plan Programme- Projects not included in	RP-47	29001323.00
	Sector Division		
260000000	Grants, Contributions and Compensations from Own Fund	RP-15	113000.00
350000000	Other Liabilities	RP-29	16947527.00
420000000	Investments	RP-34	6000000.00
431000000	Sundry Debtors (Receivables)	RP-37	74034796.00

	Non Operating		
280000000	Prior Period Item / Transfer to Reserve Funds(ILGMS)	RP-19	3044735.00
311000000	Earmarked Funds	RP-22	1094771.00
320000000	Grants, Funds & Contributions for Specific Purposes	RP-24	191662.00
330000000	Secured Loans	RP-25	1226154.00
340000000	Deposits Received	RP-27	3380425.00
350000000	Other Liabilities	RP-29	39226423.00
410000000	Fixed Assets	RP-31	5421543.00
412000000	Capital work in Progress	RP-33	2912562.00
460000000	Loans, Advances and Deposits	RP-41	990163.00
	Closing Balance		
Bank	Bank	RP-40(b)	88518184.51
Cash	Cash	RP-40(b)	437738.00
	Grand Total		**412408326.51**

Annex3-2

INCOME & EXPENDITURE STATEMENT

	Mattannur Municipality **INCOME & EXPENDITURE STATEMENT**		
For the period from 01-April-2023 to 31-March-2024			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	31432751.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	36588.00
130000000	Rental Income from Panchayat / Municipal Properties	I-3	11967697.00
140000000	Fee & User Charges	I-4(b)	20174394.00
150000000	Sale & Hire Charges	I-5(b)	275839.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	260383317.00
170000000	Income from Investments	I-7	375175.00
171000000	Interest Earned	I-8	941594.00
180000000	Other Income	I-9	172341.00
	Total Income		**325759696.00**
	EXPENDITURE		

210000000	Establishment Expenses	I-10(b)	46359523.00
220000000	Administrative Expenses	I-11(b)	4875683.00
230000000	Operations & Maintenance	I-12(b)	7564639.00
240000000	Interest & Finance Charges	I-13	64069.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	139509067.00
251000000	Decentralised Plan Programme-Service Sector	I-14	41292382.00
252000000	Decentralised Plan Programme-Infrastructure Sector	I-14	18166989.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14	29001323.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	113000.00
270000000	Provisions and Write off	I-16	21679.00
272000000	Depreciation	I-17(a)	60860175.00
	Total Expenditure		**347828529.00**
	Gross Surplus / Deficit of income over Expenditure		**-22068833.00**
280000000	Prior Period Item / Transfer to Reserve Funds(ILGMS)	I-18	1758935.00
	Net difference (Prior period Income - Prior period Expenditure)		**-23827768.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18(a)	0.0

Annex3-3

BALANCE SHEET

	Mattannur Municipality **BALANCE SHEET**		
	As on 31-March-2024		
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	150337244.37
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	115204.00
312000000	Reserves	B-3	308695280.00
	Total Reserve & Surplus		**459147728.37**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	148096726.00
	Total Grants, Contributions for Specific Purposes		**148096726.00**
	Loans		
330000000	Secured Loans	B-5	30493330.00
331000000	Unsecured Loans	B-6	0.0
	Total Loans		**30493330.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	50267694.00
350000000	Other Liabilities	B-9	18281384.74
	Total Current Liabilities and Provisions		**68549078.74**
	TOTAL LIABILITIES		**706286863.11**
	ASSETS		

	Fixed Assets		
410000000	Fixed Assets	B-11	545642658.00
411000000	Accumulated Depreciation	B-11	-132155770.00
412000000	Capital Work in Progress	B-11	50061930.00
	Total Fixed Assets		**463548818.00**
	Investments		
420000000	Investments-General Fund	B-12	11995417.00
	Total Investments		**11995417.00**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	127563908.60
432000000	Accumulated Provisions Against Debtors (Receivables)	B-21	-1229846.00
450000000	Cash and Bank Balance	B-17	88955922.51
460000000	Loans, Advances and Deposits	B-18	15452643.00
	Total Current Assets, Loans and Advances		**230742628.11**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**706286863.11**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.